2026
SEPTEMBER
07
MONDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ

SOCIETY TODAY e-paper

# ഐസിഐസിഐ ബാങ്കിന്റെ ഓഹരി ഏറ്റെടുക്കാൻ എൽഐസിക്ക് ആർബിഐ അനുമതി




**ന്യൂദൽഹി:** എച്ച്ഡിഎഫ്സി ബാങ്ക് ഓഹരി ഏറ്റെടുക്കാൻ ലൈഫ് ഇൻഷ്വറൻസ് കോർപറേഷന്(എൽഐസി) അനുമതി നൽകിയതിനു പിന്നാലെ സമാന രീതിയിൽ ഐസിഐസിഐ ബാങ്കിന്റെ ഓഹരി ഏറ്റെടുക്കുന്നതിനും ആർബിഐയുടെ അനുമതി.

ഐസിഐസിഐ ബാങ്കിൻറെ അടവ് മൂലധന ഓഹരിയുടെ 9.99 ശതമാനമോ വോട്ടിംഗ് അവകാശം നേടുന്നതിന് പര്യാപ്തമായ ഓഹരിയോ ഏറ്റെടുക്കാനാണ് അനുമതി.

അംഗീകാരം നൽകിയ ദിവസം മുതൽ ഒരു വർഷക്കാലത്തേക്കാണ് ഏറ്റെടുക്കലിനു നിയമസാധുതയുള്ളത്. ഈ കാലയളവിൽ ഓഹരി ഏറ്റെടുക്കാത്തപക്ഷം കാലഹരണപ്പെടുന്നതാണെന്നും അനുമതിയിൽ വ്യക്തമാക്കുന്നു.

2026 സെപ്റ്റംബർ നാലിനു രാത്രി ഒന്പതോടെ അപേക്ഷകരായ എൽഐസിയെ അഭിസംബോധന ചെയ്തുകൊണ്ടുള്ള അനുമതിപത്രം എക്സ്ചേഞ്ച് ഫയലിംഗിനായി ഐസിഐസിഐക്കും നൽകിയിട്ടുണ്ട്. ഓഹരി ഏറ്റെടുക്കലിന് ബാധകമായ നിയമപരവും നിയന്ത്രണപരവുമായ വ്യവസ്ഥകളും കേന്ദ്രബാങ്ക് നിർദേശിച്ച നിബന്ധനകൾക്കു വിധേയമായിരിക്കും. എച്ച്ഡിഎഫ്സി ബാങ്കിൽ അടവ് മൂലധനത്തിൻറെ 9.99 ശതമാനമോ വോട്ടിംഗ് അവകാശം നേടുന്നതിന് പര്യാപ്തമായതോ ആയ ഓഹരികൾ ഏറ്റെടുക്കാനുള്ള ആർബിഐ അനുമതി ഓഗസ്റ്റ് 19ൻറെ റെഗുലേറ്ററി ഫയലിംഗിലാണു വ്യക്തമാക്കിയത്. എച്ച്ഡിഎഫ്സി ബാങ്ക് ഫയലിംഗ് പ്രകാരം ബാങ്കിന്റെ ആകെ മൂലധന ഓഹരിയുടെ 4.11 ശതമാനമാണ് എൽഐസിയുടെ കൈവശമുള്ളത്.

കഴിഞ്ഞ ദിവസം ഓഹരി വിപണിയിൽ വ്യാപാരം അവസാനിക്കുമ്പോൾ എൽഐസി ഓഹരികൾ 0.37 ശതമാനത്തിന്റെ ഇടിവ് രേഖപ്പെടുത്തി 415.35 രൂപയിലെത്തി.

# ടിസിഎസ് എഐ ഡാറ്റ സെന്ററിനായി 70,000 കോടി നിക്ഷേപിക്കുന്നു

**ഹൈദരാബാദ്:** ടാറ്റ കൺസൾട്ടൻസി സർവീസസിന്റെ (ടിസിഎസ്) ഡാറ്റ സെന്റർ ഉപസ്ഥാപനമായ ഹൈപ്പർവാൾട്ട് ഹൈദരാബാദിൽ വൻകിട എഐ ഡാറ്റ സെൻറർ ആരംഭിക്കുന്നു.

ഒരു ജിഗാവാട്ട്(ജിഡബ്ല്യു) ശേഷിയോടെ 264 ഏക്കർ ഭൂമിയിൽ ഒരു സെന്ററിനായി 70,000 കോടി രൂപയുടെ നിക്ഷേപം നടത്തുമെന്നു കന്പനി അധികൃതർ അറിയിച്ചു.

കസ്റ്റമേഴ്സിന്റെ താത്പര്യങ്ങളും ആധുനിക സാങ്കേതിക ആവശ്യങ്ങളും പരിഗണിച്ച് ഘട്ടംഘട്ടമായാണു കാംപസ് ഒരുക്കുക. എഐ സൗകര്യങ്ങൾക്കായി രൂപകല്പന ചെയ്യുന്ന ഈ സൗകര്യം മുൻനിര എഐ കമ്പനികൾക്കും ഹൈപ്പർസ്കെയിലേഴ്സിനും ഉപയോഗിക്കാനാകും.പൂർണതോതിൽ പ്രവർത്തനം ആരംഭിക്കുമ്പോൾ ഹൈദരാബാദിലെ കാമ്പസ് രാജ്യത്തെതന്നെ ഏറ്റവും വലിയ എഐ കാന്പസായി മാറുമെന്നും അധികൃതർ വ്യക്തമാക്കി.



# സൈബർ തട്ടിപ്പ്: രാജ്യത്ത് കഴിഞ്ഞ വർഷം നഷ്ടപ്പെട്ടത് 19,813 കോടി

**കൊച്ചി:** രാജ്യത്തു കഴിഞ്ഞവർഷം മാത്രം സൈബർ തട്ടിപ്പുകളിലൂടെയുണ്ടായ സാമ്പത്തികനഷ്ടം 19,813 കോടി രൂപയുടേത്. വ്യക്തികളും സ്ഥാപനങ്ങളും സാമ്പത്തിക തട്ടിപ്പിന്റെ ഇരകളിലുണ്ട്.

കഴിഞ്ഞ മൂന്നു വർഷത്തിനിടെ 56,000 കോടിയിലധികം രൂപയുടെ സൈബർ തട്ടിപ്പ് പരാതികളാണ് രാജ്യത്തു റിപ്പോർട്ട് ചെയ്തത്. എന്നാൽ ശക്തമായ പ്രതിരോധസംവിധാനങ്ങൾ വഴി 32 ലക്ഷം പരാതികളുടെ അടിസ്ഥാനത്തിൽ 11,000 കോടിയിലധികം രൂപ സംരക്ഷിക്കാൻ സാധിച്ചു.

കൊച്ചിയിൽ നടന്ന രണ്ടാമത് കേരള സൈബർ സുരക്ഷാ സമ്മിറ്റിൽ സംസ്ഥാന വിജിലൻസ് ഡയറക്ടർ മനോജ് ഏബ്രഹാമാണ് ഇക്കാര്യം വിശദീകരിച്ചത്. ലോകമെമ്പാടും റാൻസംവെയർ ബാധിതരുടെ എണ്ണത്തിൽ 389 ശതമാനത്തിന്റെ വർധനയുണ്ടായി.

ഒറ്റ വെടിയുണ്ടപോലും ഉപയോഗിക്കാതെ രാജ്യങ്ങളുടെ പ്രവർത്തനം സ്തംഭിപ്പിക്കാനും പ്രതിരോധസംവിധാനങ്ങളെയും അടിസ്ഥാനസൗകര്യങ്ങളെയും തകർക്കാനും ഇന്ന് സൈബർ ആക്രമണങ്ങൾക്കു സാധിക്കുമെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും സർക്കാരുകൾക്കും വലിയ ഭീഷണിയുയർത്തുന്ന സൈബർ ആക്രമണങ്ങൾ വർധിച്ചുവരുന്ന സാഹചര്യത്തിൽ, വിവരചോർച്ചയും മറ്റു സുരക്ഷാവെല്ലുവിളികളും പ്രതിരോധിക്കാൻ ആഗോളതലത്തിൽ വൻതോതിൽ വിദഗ്ധരെ ആവശ്യമുണ്ട്. നിലവിൽ ലോകത്താകമാനം 48 ലക്ഷം സൈബർ സെക്യൂരിറ്റി ഒഴിവുകളാണുള്ളത്. മികച്ച പ്രതിഭകളുള്ള കേരളത്തിന് ഈ തൊഴിലവസരങ്ങൾ പ്രയോജനപ്പെടുത്താൻ സാധ്യതകളേറെയാണെന്നും മനോജ് ഏബ്രഹാം ചൂണ്ടിക്കാട്ടി.

എഫ് 9 ഇൻഫോടെക്, കേരള സ്റ്റാർട്ടപ്പ് മിഷനുമായി സഹകരിച്ചു കൊച്ചിയിൽ സംഘടിപ്പിച്ച രണ്ടാമത് കേരള സൈബർ സുരക്ഷാ സമ്മിറ്റ് ഹൈബി ഈഡൻ എംപി ഉദ്ഘാടനം ചെയ്തു. ഡാറ്റാ സെക്യൂരിറ്റി കൗൺസിൽ ഓഫ് ഇന്ത്യ, ടൈ കേരള, കൊച്ചിൻ ചേംബർ ഓഫ് കൊമേഴ്സ് ആൻഡ് ഇൻഡസ്ട്രി എന്നിവരുടെ സഹകരണത്തോടെയാണ് ഉച്ചകോടി സംഘടിപ്പിച്ചത്.

സംസ്ഥാനത്തെ സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കു സൗജന്യമായി സൈബർ സുരക്ഷാ പരിശീലനവും ബോധവത്കരണവും നൽകുമെന്ന് എഫ് 9 ഇൻഫോടെക് സ്ഥാപകൻ ജയകുമാർ മോഹനചന്ദ്രൻ പറഞ്ഞു.




# അത്യാധുനിക 70 എംഎം റോക്കറ്റുകൾ ഇനി പൂർണമായും മെയ്ഡ് ഇൻ ഇന്ത്യ

**ന്യൂദൽഹി:** ഇന്ത്യൻ പ്രതിരോധമേഖലയിൽ തദ്ദേശീയ ഉത്പാദനത്തിനു വൻ കുതിപ്പേകി അത്യാധുനിക 70 എംഎം (2.75 ഇഞ്ച്) റോക്കറ്റുകൾ ഇനി പൂർണമായും ഇന്ത്യയിൽ നിർമിക്കും.

ഫ്രഞ്ച് പ്രതിരോധ ഭീമനായ താലെസും ഭാരത് ഫോർജിന്റെ പ്രതിരോധവിഭാഗമായ കല്യാണി സ്ട്രാറ്റജിക് സിസ്റ്റംസ് ലിമിറ്റഡും (കെഎസ്എസ്എൽ) ഇതുസംബന്ധിച്ച തന്ത്രപ്രധാന സഹകരണ കരാറിൽ ഒപ്പുവച്ചു. പൂർണമായും ഇന്ത്യയിൽ നിർമിച്ച ആദ്യബാച്ച് റോക്കറ്റുകൾ 2027ന്റെ തുടക്കത്തിൽത്തന്നെ പുറത്തിറങ്ങും.

ബെൽജിയം പ്രധാനമന്ത്രി ബാർട്ട് ഡി വെവറിന്റെ ഇന്ത്യാ സന്ദർശന വേളയിലാണ് ഈ സുപ്രധാന കരാർ ഔദ്യോഗികമായി പ്രഖ്യാപിച്ചത്. കരാർപ്രകാരം ബെൽജിയത്തിൽ വികസിപ്പിച്ചെടുത്ത അത്യാധുനിക 70 എംഎം റോക്കറ്റുകളുടെയും ലോഞ്ചറുകളുടെയും സാങ്കേതികവിദ്യ താലെസ് ഇന്ത്യക്ക് കൈമാറും.

ആന്ധ്രാപ്രദേശിൽ കെഎസ്എസ്എൽ പുതുതായി ആരംഭിക്കുന്ന എനർജറ്റിക്സ് കേന്ദ്രത്തിലായിരിക്കും റോക്കറ്റുകളുടെ നിർമാണവും പരീക്ഷണങ്ങളും നടക്കുക. താലെസിന്റെ ആഗോള വിതരണ ശൃംഖലയിൽനിന്നുള്ള ഘടകങ്ങൾ ഇവിടെ കൂട്ടിയോജിപ്പിക്കും.

വ്യോമഭീഷണികൾക്കും ഡ്രോൺ ആക്രമണങ്ങൾക്കുമെതിരേ അതിവേഗം പ്രഹരശേഷി കൈവരിക്കാൻ ഈ റോക്കറ്റുകളുടെ പുതിയ പതിപ്പുകൾക്ക് കഴിയും.

നിലവിൽ ഇന്ത്യൻ സായുധസേന 70 എംഎം റോക്കറ്റ് സംവിധാനങ്ങൾ ഉപയോഗിക്കുന്നുണ്ടെങ്കിലും ആഗോള സുരക്ഷാഭീഷണികൾ വർധിച്ചുവരുന്ന സാഹചര്യത്തിൽ പ്രതിരോധ സ്വയംപര്യാപ്തത ഉറപ്പാക്കാൻ ഈ തദ്ദേശീയ നിർമാണ കരാർ വലിയ കരുത്താകും.



ആമത് നേത്രദാന പക്ഷാചരണത്തിന്റെ ഭാഗമായി അമൃത ആശുപത്രിയിൽ സംഘടിപ്പിച്ച പരിപാടി എറണാകുളം എം.എൽ.എ. ടി.ജെ. വിനോദ് ഉദ്ഘാടനം ചെയ്യുന്നു.

# ദേശീയ നേത്രദാന പക്ഷാചരണം: നേത്രദാനത്തിനായി കൂടുതൽ പേർ മുന്നോട്ടുവരണം

**കൊച്ചി:** മരണാനന്തര നേത്രദാനത്തിലൂടെ കാഴ്ച നഷ്ടപ്പെട്ടവരുടെ ജീവിതത്തിലേക്ക് വെളിച്ചം പകരാൻ കഴിയുമെന്നും കൂടുതൽ പേർ നേത്രദാനത്തിന് സന്നദ്ധരാകണമെന്നും ദേശീയ നേത്രദാന പക്ഷാചരണത്തിന്റെ ഭാഗമായി അമൃത ആശുപത്രിയിൽ സംഘടിപ്പിച്ച പരിപാടിയിൽ ആഹ്വാനം. അമൃത ഐ ബാങ്കിന്റെയും, ജ്യോതിസ് ഐ കെയർ സൊസൈറ്റിയുടെയും സംയുക്താഭിമുഖ്യത്തിൽ നടന്ന പരിപാടിയിൽ നേത്രദാനത്തിന്റെയും ആധുനിക നേത്രബാങ്കിംഗ് സംവിധാനങ്ങളുടെയും പ്രാധാന്യം ചർച്ച ചെയ്തു.

അമൃത ആശുപത്രിയിൽ നടന്ന പരിപാടി എറണാകുളം എംഎൽഎ ടി.ജെ. വിനോദ് ഉദ്ഘാടനം ചെയ്തു. അമൃത ആശുപത്രി മെഡിക്കൽ സൂപ്രണ്ട് ഡോ. കെ.വി.ബീന അധ്യക്ഷത വഹിച്ചു. മാതാ അമൃതാനന്ദമയി മഠം ജനറൽ സെക്രട്ടറി സ്വാമി പൂർണ്ണാമൃതാനന്ദപുരി അനുഗ്രഹ പ്രഭാഷണം നടത്തി. അമൃത ആശുപത്രിയിലെ ഒഫ്താൽമോളജി വിഭാഗം പ്രൊഫസർ ഡോ. സുജിത്ര എച്ച് സ്വാഗതം ആശംസിച്ചു.

അമൃത ഐ ബാങ്ക് ഇൻചാർജ് ഡോ. അനിൽ രാധാകൃഷ്ണൻ 'ഐ ബാംങ്കിംഗ് ചേഞ്ചിങ് ടൈംസ് ' എന്ന വിഷയത്തിൽ പ്രഭാഷണം നടത്തി. സമൂഹാധിഷ്ഠിത നേത്രബാങ്കിംഗിലെ വെല്ലുവിളികളെക്കുറിച്ച് ജ്യോതിസ് ഐ കെയർ ഫൗണ്ടേഷൻ പ്രസിഡന്റ് രാംകുമാർ മഠത്തിൽ സംസാരിച്ചു. ജ്യോതിർഗമയ ഫൗണ്ടേഷൻ സ്ഥാപക ടിഫാനി ബ്രാറും പരിപാടിയിൽ പങ്കെടുത്തു.

നേത്രചികിത്സാ രംഗത്തെ ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ സാധ്യതകളെ കുറിച്ച് ഒഫ്താൽമോളജി വിഭാഗം മേധാവി ഡോ. ഗോപാൽ എസ്. പിള്ള പരിപാടിയിൽ അവതരിപ്പിച്ചു. എ ഐ അടിസ്ഥാനമാക്കിയുള്ള സ്ക്രീനിംഗ് ടൂൾ പ്രശസ്ത സംഗീത സംവിധായകൻ ടി.എസ്.രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്യുകയും രോഗികൾക്ക് പിന്തുണ നൽകുന്നതിനായുള്ള വെർച്വൽ അസിസ്റ്റന്റ് സംവിധാനം പരിചയപ്പെടുത്തുകയും ചെയ്തു. പരിപാടിയിൽ നേത്രദാനത്തിലൂടെ ഒരാളുടെ മരണശേഷവും മറ്റൊരാളുടെ ജീവിതത്തിൽ പ്രതീക്ഷയും കാഴ്ചയുടെ വെളിച്ചവും നിലനിർത്താൻ കഴിയുമെന്ന് ചൂണ്ടിക്കാട്ടി.

ഒഫ്താൽമോളജി വിഭാഗം പ്രൊഫസർ ഡോ. മനോജ് പ്രതാപൻ ചടങ്ങിന് കൃതജ്ഞത രേഖപ്പെടുത്തി. ഒഫ്താൽമോളജി വിഭാഗത്തിലെ അധ്യാപകർ, ഒപ്റ്റോമെട്രി വിദ്യാർഥികൾ തുടങ്ങിയവർ പരിപാടിയിൽ പങ്കെടുത്തു.



കെ.വി.വി.ഇ.എസ് എളമക്കര യൂണിറ്റ് സംഘടിപ്പിച്ച സ്വീകരണ യോഗത്തിൽ ഡെപ്യൂട്ടി മേയർ വി.ആർസുധീർ പ്രസംഗിക്കുന്നു. പി.എ.സഫറുള്ള, എഡ്വേർഡ് ഫോസ്റ്റസ്, എസ്.മനോജ് കുമാർ, ടി.എ.ഉമ്മർ എന്നിവർ സമീപം.

# ഡെപ്യൂട്ടി മേയർക്ക് സ്വീകരണം നൽകി

എളമക്കര: കേരള വ്യാപാരി വ്യവസായി ഏകോപന സമിതി എളമക്കര യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ കൊച്ചി കോർപ്പറേഷൻ

ഡെപ്യൂട്ടി മേയർ വി.ആർ.സുധീറിന് സ്വീകരണം നൽകി. കെ.വി.വി.ഇ.എസ് എളമക്കര യൂണിറ്റിന്റെ മൂന്നാമത് വ്യാപാര ഭവനിൽ സംഘടിപ്പിച്ച സ്വീകരണ യോഗത്തിൽ പ്രസിഡന്റ് എഡ്വേർഡ് ഫോസ്റ്റസ് അധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി എസ് മനോജ് കുമാർ, ട്രഷറർ പി.എ.സഫറുള്ള, വൈസ് പ്രസിഡന്റ് ടി.എ.ഉമ്മർ എന്നിവർ പ്രസംഗിച്ചു. കമ്മിറ്റി അംഗങ്ങളും, യൂത്ത് വിംഗ്, വനിതാ വിംഗ് പ്രതിനിധികളും യോഗത്തിൽ പങ്കെടുത്തു.

# കുസാറ്റ്: ബി.ടെക് റിയൽ ടൈം അഡ്മിഷൻ

കൊച്ചി: കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ 2026–27 അധ്യയന വർഷത്തിലെ ബി.ടെക് പ്രോഗ്രാമ്മുകളിലേക്കുള്ള നാലാമത്തെ റിയൽ ടൈം അഡ്മിഷനുവേണ്ടിയുള്ള രജിസ്ട്രേഷൻ സെപ്റ്റംബർ 7ന് ഓൺലൈനായി ചെയ്യാവുന്നതാണ്. അലോട്ട്മെന്റ് ലഭിച്ചിട്ട് വെരിഫിക്കേഷൻ സമയത്ത് നിർദിഷ്ട വിദ്യാഭ്യാസ യോഗ്യത ഇല്ലാത്ത കാരണത്താൽ റിജെക്ട് ചെയ്യപ്പെട്ട കുട്ടികൾക്കും, ഒന്നാമത്തെയും രണ്ടാമത്തെയും മൂന്നാമത്തെയും റീയൽ ടൈം അഡ്മിഷനിൽ അലോട്ട്മെന്റ് എടുത്തശേഷം ഫീസടക്കാത്തവർക്കും പുതിയ അലോട്ട്മെന്റ് പ്രൊഫൈൽ മുഖാന്തിരം സ്ഥിരീകരിക്കാത്ത അപേക്ഷകർക്കും ഈ റിയൽ ടൈം അഡ്മിഷനിൽ രജിസ്റ്റർ ചെയ്യാൻ അർഹത ഉണ്ടായിരിക്കുന്നതല്ല. ഓൺലൈൻ ആയി രജിസ്റ്റർ ചെയ്ത അപേക്ഷകർ റിയൽ ടൈം അഡ്മിഷനുവേണ്ടി കുസാറ്റിന്റെ സെമിനാർ കോംപ്ലക്സിൽ ഓൺലൈൻ രജിസ്ട്രേഷന് ശേഷം പ്രസിദ്ധീകരിക്കുന്ന ഷെഡ്യൂൾ പ്രകാരം നേരിട്ട് ഹാജരാകേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് https://admissions.cusat.ac.in/ സന്ദർശിക്കുക.

# ചേരാനെല്ലൂരിൽ പുതിയ 11 കെ.വി. ഫീഡർ ഉദ്ഘാടനം ചെയ്തു

**കൊച്ചി:** ചേരാനെല്ലൂർ ഗ്രാമപഞ്ചായത്തിലെ വൈദ്യുതി വിതരണ ശൃംഖല കൂടുതൽ ശക്തിപ്പെടുത്തുന്നതിനായി ദ്യുതി 2.0 പദ്ധതിയിൽ ഉൾപ്പെടുത്തി 3.5 കോടി രൂപ ചെലവഴിച്ച് നിർമ്മിച്ച പുതിയ 11 കെ.വി. ഫീഡർ എറണാകുളം എം.എൽ.എ ടി. ജെ. വിനോദ് ഉദ്ഘാടനം ചെയ്തു.



110 കെ.വി. ഇടപ്പള്ളി സബ്സ്റ്റേഷനിൽ നിന്ന് ചേരാനെല്ലൂർ ഇലക്ട്രിക്കൽ സെക്ഷൻ പരിധിയിലേക്ക് 5.8 കിലോമീറ്റർ ഭൂഗർഭ കേബിൾ സ്ഥാപിച്ചാണ് പുതിയ ഫീഡർ നിർമ്മിച്ചിരിക്കുന്നത്. പദ്ധതിയിലൂടെ ചേരാനെല്ലൂർ മേഖലയിലെ വൈദ്യുതി വിതരണ സംവിധാനത്തിന് ഗണ്യമായ ശേഷിവർധനയാണ് ഉണ്ടായിരിക്കുന്നത്.

അതിവേഗം വികസിച്ചുകൊണ്ടിരിക്കുന്ന ചേരാനെല്ലൂർ മേഖലയിലെ വർധിച്ചുവരുന്ന വൈദ്യുതി ആവശ്യകത കണക്കിലെടുത്ത് വിതരണ ശൃംഖലയുടെ ശേഷി വർധിപ്പിക്കണമെന്ന ആവശ്യം പരിഗണിച്ചാണ് പദ്ധതി നടപ്പാക്കിയത്. പുതിയ ഫീഡർ പ്രവർത്തനക്ഷമമായതോടെ ചേരാനെല്ലൂർ ഗ്രാമപഞ്ചായത്തിന്റെ ഏകദേശം 70 ശതമാനം പ്രദേശങ്ങൾക്കും കൂടുതൽ കാര്യക്ഷമവും ഗുണമേന്മയുള്ളതുമായ വൈദ്യുതി വിതരണം ലഭ്യമാകും.

നിലവിലുള്ള ഫീഡറുകളുടെ അമിതഭാരം കുറയ്ക്കുന്നതിനും വോൾട്ടേജ് നിലവാരം മെച്ചപ്പെടുത്തുന്നതിനും വൈദ്യുതി തടസ്സങ്ങളുടെ ദൈർഘ്യവും ആവർത്തനവും കുറയ്ക്കുന്നതിനും പുതിയ ഫീഡർ സഹായകരമാകും. ഭാവിയിലെ വൈദ്യുതി ഉപഭോഗ വർധനവ് കൂടി മുന്നിൽ കണ്ടുകൊണ്ടുള്ള അടിസ്ഥാന സൗകര്യ വികസനം എന്ന നിലയിലും പദ്ധതിക്ക് ഏറെ പ്രാധാന്യമുണ്ട്.

ചേരാനെല്ലൂർ മേഖലയിലെ വർധിച്ചുവരുന്ന വൈദ്യുതി ആവശ്യകത പരിഹരിക്കുന്നതിനും ജനങ്ങൾക്ക് തടസ്സരഹിതവും ഗുണമേന്മയുള്ളതുമായ വൈദ്യുതി ഉറപ്പാക്കുന്നതിനുമായി ടി. ജെ. വിനോദ് എം.എൽ.എയുടെ ഇടപെടലിന്റെ ഭാഗമായി നടപ്പാക്കിയ പ്രധാന വികസന പദ്ധതികളിലൊന്നാണ് പുതിയ 11 കെ.വി. ഫീഡർ.

ഉദ്ഘാടന ചടങ്ങിൽ ചേരാനെല്ലൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ലിസി വാരിയത്, വൈസ് പ്രസിഡന്റ് ഷിമ്മി ഫ്രാൻസിസ്, മെമ്പർമാരായ കെ ജി രാജേഷ്, റോസ്മേരി ഷാജി, ഐഷ കരീം, ജെയിംസ് തൈപ്പറമ്പിൽ, ജിതിൻ കെ.കെ, ലില്ലി ടീച്ചർ, മുൻ പഞ്ചായത്ത് പ്രസിഡന്റ് എം.എ മാത്യു, മുൻ ജില്ലാ പഞ്ചായത്ത് അംഗം ലോറൻസ് എറണാകുളം ഇലക്ട്രിക്കൽ ഡിവിഷൻ എക്സിക്യൂട്ടീവ് എൻജിനീയർ വിനു എം. ജി., അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ ബൈജുമോൻ പി., സബ് എൻജിനീയർ ഇൻചാർജ് ജോസഫ് കെ. എസ്. എന്നിവർ പങ്കെടുത്തു.






# സർഗ സമ്പദ് വ്യവസ്ഥയുടെ വളർച്ചയ്ക്ക് കേന്ദ്രസംസ്ഥാന പങ്കാളിത്തം ശക്തമാക്കും

**ന്യൂദൽഹി:** കേന്ദ്രസംസ്ഥാന ബന്ധങ്ങളും മാധ്യമവിവരസാങ്കേതിക ഏകോപനവും ശക്തിപ്പെടുത്തുന്നതിനായി സംസ്ഥാനങ്ങളിലെയും കേന്ദ്രഭരണ പ്രദേശങ്ങളിലെയും വിവരപൊതുജനസമ്പർക്ക വകുപ്പ് സെക്രട്ടറിമാരുടെ ദേശീയ സമ്മേളനം ന്യൂഡൽഹിയിൽ സംഘടിപ്പിച്ചു. കേന്ദ്ര വാർത്താവിതരണ പ്രക്ഷേപണ മന്ത്രാലയം വിളിച്ചുചേർത്ത ഉന്നതതല യോഗത്തിൽ കേരളമടക്കമുള്ള സംസ്ഥാനങ്ങളിലെ വകുപ്പ് സെക്രട്ടറിമാരും മുതിർന്ന ഉദ്യോഗസ്ഥരും പങ്കെടുത്തു. കേരളം ഉൾപ്പെടെയുള്ള സംസ്ഥാനങ്ങളുടെ വേറിട്ട സാംസ്കാരിക കരുത്തും പ്രാദേശിക പ്രതിഭകളുടെ മികവും പൂർണമായി പ്രയോജനപ്പെടുത്തുന്ന രീതിയിലായിരിക്കണം മാധ്യമസർഗ മേഖലകളുടെ വികസനമെന്ന് സമ്മേളനത്തിൽ അധ്യക്ഷത വഹിച്ച കേന്ദ്ര വാർത്താവിതരണ പ്രക്ഷേപണ മന്ത്രാലയം സെക്രട്ടറി ചഞ്ചൽ കുമാർ വ്യക്തമാക്കി. സർഗ സമ്പദ്വ്യവസ്ഥയുടെ വളർച്ചയ്ക്ക് രാജ്യത്താകമാനം ഒരൊറ്റ മാതൃക പര്യാപ്തമല്ലെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

അടിസ്ഥാന സൗകര്യങ്ങൾ, സംരംഭകത്വ നടപടികൾ സുഗമമാക്കൽ, ശേഷി വികസനം, പ്രാദേശിക ഉള്ളടക്കങ്ങൾ, സർഗാത്മക ആവാസവ്യവസ്ഥ എന്നിവയുൾപ്പെടെ കേന്ദ്രസംസ്ഥാന സഹകരണം കൂടുതൽ മെച്ചപ്പെടുത്തേണ്ട മേഖലകളും അദ്ദേഹം വിശദീകരിച്ചു. വേവ്സ് 2027, വേവ്സ് ബസാർ, വേവ്സ് എക്സ്, 'ക്രിയേറ്റ് ഇൻ ഇന്ത്യ' ചലഞ്ചുകൾ തുടങ്ങിയ ദേശീയ വേദികൾ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലെ സർഗാത്മക ഉള്ളടക്കനിർമാതാക്കൾക്കും സ്റ്റാർട്ടപ്പുകൾക്കും വിപണികൾ, നിക്ഷേപകർ, സാങ്കേതികവിദ്യ, ആഗോള പങ്കാളിത്തം എന്നിവയിലേക്ക് മികച്ച പ്രവേശനത്തിന് വഴി ഒരുക്കുമെന്ന് അദ്ദേഹം വ്യക്തമാക്കി.

വിവിധ പദ്ധതികളുടെ നിർവഹണവുമായി ബന്ധപ്പെട്ട അനുഭവങ്ങളും ആശങ്കകളും പങ്കുവെച്ച സംസ്ഥാന കേന്ദ്ര ഭരണ പ്രദേശങ്ങളിലെ ഉദ്യോഗസ്ഥർ മന്ത്രാലയവുമായി ഏകോപനവും സഹകരണവും കൂടുതൽ ശക്തിപ്പെടുത്താനുള്ള വഴികൾ ചർച്ച ചെയ്തു. കൂടുതൽ മികച്ച ആശയവിനിമയം, പങ്കാളിത്തം, കൃത്യമായ ഇടവേളകളിലെ സമ്മേളനങ്ങൾ എന്നിവയിലൂടെ സംസ്ഥാനങ്ങൾക്ക് മന്ത്രാലയത്തിൽ നിന്ന് കൂടുതൽ പിന്തുണ വേണമെന്ന ആവശ്യവും സംസ്ഥാന തല ശേഷി വികസനത്തിന്റെ പ്രാധാന്യവും യോഗത്തിൽ ചർച്ചയായി. മന്ത്രാലയവുമായി കൂടുതൽ ചേർന്ന് പ്രവർത്തിക്കാനും ഓറഞ്ച് എക്കോണമി അഥവാ സർഗ സമ്പദ്വ്യവസ്ഥ ശക്തിപ്പെടുത്തുന്നതിൽ സജീവമായി പങ്കുചേരാനും ഉദ്യോഗസ്ഥർ സന്നദ്ധത പ്രകടിപ്പിച്ചു. ഗവൺമെന്റുകൾ കേബിൾ ഓപ്പറേറ്റർമാർക്കുവേണ്ടി നടപ്പാക്കുന്ന റൈറ്റ് ഓഫ് വേ സംവിധാനം, വേവ്സ് 2027 മാർഗരേഖ, വേവ്സ് ബസാറും വിപണി ലഭ്യതയും ശക്തിപ്പെടുത്തൽ, പൊതുസേവന പ്രക്ഷേപണ അടിസ്ഥാന സൗകര്യ വിപുലീകരണം, വേവ്സ് ഒടിടി പ്ലാറ്റ്ഫോമിൽ ഉപഭോക്താക്കൾ സൃഷ്ടിക്കുന്ന സർഗാത്മക ഉള്ളടക്കങ്ങളുടെ പ്രോത്സാഹനം, ഇന്ത്യൻ സിനിമ ഹബ്ഫിലിം ഫെസിലിറ്റേഷൻ ഓഫീസ് പോർട്ടലുകളുടെ സംയോജനം, സിനിമാ ചിത്രീകരണങ്ങൾക്കും തത്സമയ പരിപാടികൾക്കും അനുമതി തേടാൻ ഏകജാലക ഐസിഎച്ച് പോർട്ടൽ എന്നിവ ഉൾപ്പെടെ സുപ്രധാന വിഷയങ്ങൾ സമ്മേളനത്തിൽ ചർച്ചയായി.

ഉള്ളടക്കങ്ങളുടെ സംയുക്തനിർമ്മാണത്തിലൂടെയും സംസ്ഥാനാടിസ്ഥാനത്തിലെ പ്രോഗ്രാമിങ്ങിലൂടെയും മികച്ച ജനസമ്പർക്കത്തിലൂടെയും പൊതുസേവന പ്രക്ഷേപണം ശാക്തീകരിക്കൽ, തത്സമയ പരിപാടികളുടെ പ്രോത്സാഹനം, ഐഐഎംസി പരിശീലന സൗകര്യങ്ങളിലൂടെ വിവരപൊതുജന സമ്പർക്ക ഉദ്യോഗസ്ഥരുടെ ശേഷി വികസനം, പ്രസ് സേവാ പോർട്ടൽ വഴി 2023ലെ പ്രസ് ആൻഡ് രജിസ്ട്രേഷൻ ഓഫ് പീരിയഡിക്കൽസ് നിയമത്തിന് കീഴിലുള്ള ഡിജിറ്റൽ സംവിധാനത്തിലേക്കുള്ള മാറ്റം, സമഗ്ര ശിക്ഷാ പദ്ധതിക്ക് കീഴിൽ സംസ്ഥാന സർക്കാരുകൾക്ക് പുസ്തകങ്ങൾ നൽകി ലൈബ്രറികൾ ശാക്തീകരിക്കൽ എന്നിവയും സമ്മേളനം ചർച്ച ചെയ്തു.

പൊതുജനസമ്പർക്ക പരിപാടികൾ, തത്സമയ പരിപാടികൾ, വിവരപൊതുജന സമ്പർക്ക ഉദ്യോഗസ്ഥരുടെ ശേഷി വികസനം, മാധ്യമപ്രസിദ്ധീകരണ മേഖലയിലെ ഡിജിറ്റൽ പരിവർത്തനം എന്നിവയുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളും സമ്മേളനം അവലോകനം ചെയ്തു.

സംസ്ഥാനാടിസ്ഥാനത്തിലെ ഉള്ളടക്കങ്ങൾക്കും ജനസമ്പർക്കത്തിനും പിഐബി മേഖലാ ഓഫീസുകൾ, സംസ്ഥാന വിവരപൊതുജന സമ്പർക്ക വകുപ്പുകൾ, ദൂരദർശൻആകാശവാണി പ്രാദേശിക നിലയങ്ങൾ എന്നിവ തമ്മിൽ കൂടുതൽ അടുത്ത ഏകോപനമുണ്ടാകണമെന്ന് സെക്രട്ടറി ആവശ്യപ്പെട്ടു.

സർഗ സമ്പദ്വ്യവസ്ഥ ശക്തിപ്പെടുത്താനും പൊതുവിനിമയം മെച്ചപ്പെടുത്താനും സഹായിക്കുന്ന പുതിയ ആശയങ്ങൾക്കും സംസ്ഥാനങ്ങൾ നേതൃത്വം നൽകുന്ന സംരംഭങ്ങൾക്കും പങ്കാളിത്ത മാതൃകകൾക്കും മന്ത്രാലയം എപ്പോഴും തുറന്ന പിന്തുണ നൽകുമെന്ന് അദ്ദേഹം ആവർത്തിച്ചു. സംസ്ഥാനങ്ങളിലെയും കേന്ദ്ര ഭരണ പ്രദേശങ്ങളിലെയും വിവര പൊതുജന സമ്പർക്ക വകുപ്പ് സെക്രട്ടറിമാരും പ്രതിനിധികളും കേന്ദ്ര വാർത്താവിതരണ പ്രക്ഷേപണ മന്ത്രാലയത്തിലെ മുതിർന്ന ഉദ്യോഗസ്ഥരും പങ്കെടുത്തു.

# മുവാറ്റുപുഴ– കൂത്താട്ടുകുളം ബൈപാസ് 450 കോടിയുടെ പദ്ധതിക്ക് സർക്കാർ അംഗീകാരം

**മുവാറ്റുപുഴ:** കഴിഞ്ഞ കാലങ്ങളിൽ രാഷ്ട്രീയ കാരണങ്ങളാൽ തഴയപ്പെട്ട മൂവാറ്റുപുഴയുടെ വികസന പദ്ധതികൾ മുതലും പലിശയും ചേർത്തു തിരികെ നൽകുമെന്ന മുഖ്യമന്ത്രിയുടെ പ്രഖ്യാപനം യാഥാർഥ്യമാകുന്നു.

മണ്ഡല ചരിത്രത്തിൽ ഏറ്റവും അധികം തുക ബജറ്റിൽ അനുവദിച്ച മുവാറ്റുപുഴ- കൂത്താട്ടുകുളം ബൈപാസ് റോഡ് പദ്ധതി പുനരാരംഭിക്കാൻ സർക്കാരിന്റെ പച്ചക്കൊടി.

മാത്യു കുഴൽനാടൻ എംഎൽഎ നൽകിയ നിവേദനത്തെ തുടർന്ന് മുഖ്യമന്ത്രി വി.ഡി. സതീശനാണ് നിർമാണ ഏജൻസിയായ കെആർഎഫ്ബിയോടു പ്രാഥമിക നടപടികൾ ആരംഭിക്കാൻ നിർദേശം നൽകിയത്.

ഉമ്മൻ ചാണ്ടി സർക്കാരിന്റെ കാലത്ത് രൂപകൽപന ചെയ്ത പദ്ധതിക്ക് മാത്യു കുഴൽനാടൻ എംഎൽഎയുടെ തുടർച്ചയായ ഇടപെടലിലൂടെ 450 കോടി രൂപ കിഫ്ബി വഴി കഴിഞ്ഞ എൽഡിഎഫ് സർക്കാർ അനുവദിച്ചിരുന്നു.എന്നാൽ 2024ൽ പദ്ധതി കിഫ്ബി മരവിപ്പിച്ചു. 16 ലക്ഷം രൂപ ചെലവഴിച്ച് സർവേ ടെൻഡർ നടപടികൾ പൂർത്തിയാക്കിയ ശേഷമായിരുന്നു ഈ നടപടി. പുതിയ സർക്കാർ അധികാരത്തിൽ എത്തിയ ശേഷം കഴിഞ്ഞ മാസം എംഎൽഎ നൽകിയ നിവേദനത്തിന്റെ അടിസ്ഥാനത്തിലാണ് ഭരണാനുമതി വേഗത്തിലാക്കിയത്.

പദ്ധതി പുനരാരംഭിക്കുന്നതുമായി ബന്ധപ്പെട്ട് മാത്യു കുഴൽനാടൻ എംഎൽഎയുടെ നേതൃത്വത്തിൽ യുഡിഎഫ് നേതാക്കൾ മുഖ്യമന്ത്രിയുമായി കൂടിക്കാഴ്ചയും നടത്തിയിരുന്നു.

പുതിയ റോഡിന് 15.6 കിലോമീറ്റർ നീളവും 20 മീറ്റർ വീതിയുമാണ് വിഭാവനം ചെയ്തിരിക്കുന്നത്. റോഡിന്റെ ഗ്രേഡിയന്റ് ഉൾപ്പെടെയുള്ള ജോമെട്രിക്സും അലൈൻമെന്റിന്റെ പ്രായോഗികതയും പരിശോധിക്കാൻ കിഫ്ബിയുടെ ടിആർസി സംഘം ഉടൻ സ്ഥലത്തെത്തും. ഭൂമിയേറ്റെടുക്കലിനായി മാത്രം 450.33 കോടി രൂപയുടെ കിഫ്ബി അനുമതിയാണ് ലഭിച്ചിട്ടുള്ളത്. എംസി റോഡിൽ മൂവാറ്റുപുഴ മുതൽ കൂത്താട്ടുകുളം വരെയുള്ള ഭാഗത്ത് തുടർച്ചയായ അപകടവളവുകൾ, കുത്തനെയുള്ള ചെരിവുകൾ, കാഴ്ച പരിമിതി, അശാസ്ത്രീയമായ അലൈൻമെന്റ് എന്നിവ മൂലം അപകടങ്ങൾ പതിവാണ്.

## വൈവ വോസി

പത്താം സെമസ്റ്റർ പഞ്ചവത്സര ബി.എ/ ബി.ബി.എ /ബി.കോം എൽ.എൽ.ബി (ഓണേഴ്സ് ) റഗുലർ / സപ്ലിമെന്ററി പരീക്ഷകൾ സെപ്റ്റംബർ 14 മുതൽ 16 വരെ അതാത് ലോ കോളേജിൽ വച്ച് നടക്കും.

## പരീക്ഷയ്ക്ക് അപേക്ഷിക്കാം

അഞ്ചാം സെമസ്റ്റർ സി.ബി.സി.എസ്.എസ് (2014 മുതൽ 2016 വരെ അഡ്മിഷൻ മേഴ്സി ചാൻസ്, 2013 അഡ്മിഷൻ അവസാന മേഴ്സി ചാൻസ്) അഞ്ചാം സെമസ്റ്റർ ബി.എസ്.സി സൈബർ ഫോറൻസിക് 2018 അഡ്മിഷൻ റീഅപ്പിയറൻസ്, 2014 മുതൽ 2017 വരെ അഡ്മിഷൻ മേഴ്സി ചാൻസ് പരീക്ഷകൾക്ക് സെപ്റ്റംബർ 29 വരെ അപേക്ഷിക്കാം. ഫൈനോടുകൂടി ഒക്ടോബർ 01 വരെയും സൂപ്പർ ഫൈനോടുകൂടി ഒക്ടോബർ 05 വരെയും അപേക്ഷ സ്വീകരിക്കും

എട്ടാം സെമസ്റ്റർ ബി.എച്ച്.എം (2018, 2019 അഡ്മിഷൻ സപ്ലിമെന്ററി, 2015 മുതൽ 2017 വരെ അഡ്മിഷൻ മേഴ്സി ചാൻസ് പരീക്ഷകൾക്ക് സെപ്റ്റംബർ 18 വരെ അപേക്ഷിക്കാം. ഫൈനോടുകൂടി സെപ്റ്റംബർ 23 വരെയും സൂപ്പർ ഫൈനോടുകൂടി സെപ്റ്റംബർ 25 വരെയും അപേക്ഷ സ്വീകരിക്കും

നാലാം സെമസ്റ്റർ എം.എസ് സി മെഡിക്കൽ ഡോക്യുമെന്റേഷൻ (2024 അഡ്മിഷൻ റെഗുലർ, 2022, 2023 അഡ്മിഷനുകൾ സപ്ലിമെന്ററി, 2021 അഡ്മിഷൻ ആദ്യ മേഴ്സി ചാൻസ്) പരീക്ഷകൾ സെപ്റ്റംബർ 25ന് ആരംഭിക്കും. സെപ്റ്റംബർ 11 വരെ ഫീസ് അടച്ച് അപേക്ഷിക്കാം. ഫൈനോടുകൂടി സെപ്റ്റംബർ 14 വരെയും സൂപ്പർ ഫൈനോടുകൂടി സെപ്റ്റംബർ 15 വരെയും അപേക്ഷ സ്വീകരിക്കും.

## പരീക്ഷ മാറ്റിവച്ചു

സെപ്റ്റംബർ 7ന് ആരംഭിക്കാനിരുന്ന അഫിലിയേറ്റഡ് കോളേജുകളിലെ പഞ്ചവത്സര എൽ.എൽ.ബി (1993 അഡ്മിഷന് മുൻപുള്ളവ / 19931997 അഡ്മിഷൻ ആനുവൽ സ്കീം) കോഴ്സുകളുടെ മൂന്ന്, നാല്, അഞ്ച് വർഷ അവസാന സ്പെഷ്യൽ മെഴ്സി ചാൻസ് പരീക്ഷകൾ മാറ്റിവെച്ചു. പുതുക്കിയ തീയതികൾ പിന്നീട് പ്രഖ്യാപിക്കും.

# സംസ്ഥാന സ്പോർട്സ് കൗൺസിൽ പുരസ്കാരങ്ങൾക്ക് അപേക്ഷ ക്ഷണിച്ചു

**തിരുവനന്തപുരം:** സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ 202526 വർഷത്തെ ജി.വി. രാജ അവാർഡ്, സുരേഷ് ബാബു മെമ്മോറിയൽ ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ്, മികച്ച കായിക പരിശീലകൻ, മികച്ച കായിക അധ്യാപകൻ, മികച്ച സ്കൂൾ, മികച്ച കോളേജ്, മാധ്യമ അവാർഡുകൾ, കോളേജ്/സ്കൂൾ സ്പോർട്സ് അക്കാദമി (സ്പോർട്സ് ഹോസ്റ്റൽ) വിഭാഗത്തിലെ മികച്ച പുരുഷ, വനിതാ കായികതാരങ്ങൾക്കുള്ള അവാർഡുകൾ എന്നിവയ്ക്കായി അപേക്ഷ ക്ഷണിച്ചു.

ജി.വി. രാജ അവാർഡ് ദേശീയ, അന്തർദേശീയ തലത്തിൽ മികച്ച പ്രകടനം കാഴ്ചവെച്ച കേരളീയ കായികതാരങ്ങളിൽ പുരുഷ, വനിത വിഭാഗങ്ങളിലായി ഓരോരുത്തർക്കാണ് നൽകുക. മൂന്ന് ലക്ഷം രൂപയും ഫലകവും പ്രശസ്തിപത്രവും അടങ്ങുന്നതാണ് അവാർഡ്. അപേക്ഷിക്കുന്നതിന് തൊട്ടുമുൻപുള്ള നാല് സാമ്പത്തിക വർഷങ്ങളിൽ ഒളിമ്പിക്സ്, അംഗീകൃത ലോക/ഏഷ്യൻ ചാമ്പ്യൻഷിപ്പുകൾ (സീനിയർ), കോമൺവെൽത്ത് ഗെയിംസ് തുടങ്ങിയ അന്തർദേശീയ മത്സരങ്ങളിൽ മെഡൽ നേടിയവരെയാണ് പരിഗണിക്കുക. മുൻകാല ജി.വി. രാജ അവാർഡ് ജേതാക്കൾക്ക് അപേക്ഷിക്കാനാകില്ല.

സുരേഷ് ബാബു മെമ്മോറിയൽ ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡിന് രണ്ട് ലക്ഷം രൂപയും ഫലകവും പ്രശസ്തിപത്രവും ലഭിക്കും. കേരള കായികരംഗത്തിന് സമഗ്ര സംഭാവന നൽകിയ വ്യക്തിയെയാണ് പരിഗണിക്കുക.

മികച്ച കായിക പരിശീലക അവാർഡിന് ഒരു ലക്ഷം രൂപയും പ്രശസ്തിപത്രവും ലഭിക്കും. കഴിഞ്ഞ നാല് സാമ്പത്തിക വർഷങ്ങളിലെ പരിശീലന മികവും പരിശീലിപ്പിച്ച താരങ്ങളുടെ അന്തർദേശീയ നേട്ടങ്ങളും പരിഗണിക്കും. മികച്ച കായിക അധ്യാപകൻ, മികച്ച സ്കൂൾ, മികച്ച കോളേജ് എന്നീ വിഭാഗങ്ങളിൽ 50,000 രൂപയും ബന്ധപ്പെട്ട ഫലകം/പ്രശസ്തിപത്രവും നൽകും.

മാധ്യമ അവാർഡുകൾ മികച്ച സ്പോർട്സ് ജേർണലിസ്റ്റ്, സ്പോർട്സ് ഫോട്ടോഗ്രാഫർ, കായിക ദൃശ്യ മാധ്യമ പരിപാടി, സ്പോർട്സ് പുസ്തകം എന്നീ വിഭാഗങ്ങളിലാണ്. ഓരോ വിഭാഗത്തിനും 50,000 രൂപയും ഫലകവും പ്രശസ്തിപത്രവും ലഭിക്കും. 2025– 26 കാലയളവിൽ പ്രസിദ്ധീകരിച്ച ലേഖനങ്ങൾ, ചിത്രങ്ങൾ, പുസ്തകങ്ങൾ, സംപ്രേഷണം ചെയ്ത ദൃശ്യ മാധ്യമ പരിപാടികൾ എന്നിവയാണ് പരിഗണിക്കുക. ഒരാളിൽ നിന്ന് പരമാവധി രണ്ട് ലേഖനങ്ങളും രണ്ട് ഫോട്ടോകളും രണ്ട് പെൻഡ്രൈവുകളും സ്വീകരിക്കും. കോളേജ്/സ്കൂൾ സ്പോർട്സ് അക്കാദമി (സ്പോർട്സ് ഹോസ്റ്റൽ) വിഭാഗത്തിലെ മികച്ച പുരുഷ, വനിതാ കായികതാരങ്ങൾക്ക് 50,000 രൂപയും ഫലകവും പ്രശസ്തിപത്രവും വീതം നൽകും. സ്പോർട്സ് കൗൺസിൽ പദ്ധതിയിലെ കുട്ടികൾക്ക് മാത്രമാണ് അപേക്ഷിക്കാനാകുക. ബന്ധപ്പെട്ട അസോസിയേഷൻ/ഹോസ്റ്റൽ അധികാരി മുഖേന ആവശ്യമായ രേഖകൾ സഹിതം അപേക്ഷിക്കണം.

അപേക്ഷകൾ സെപ്റ്റംബർ 15ന് മുൻപ് സെക്രട്ടറി, കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ, തിരുവനന്തപുരം1 വിലാസത്തിൽ സമർപ്പിക്കണം. വിവരങ്ങൾക്ക്: www.sportscouncil.kerala.gov.in.

സൊസൈറ്റി ടുഡേ
SOCIETY TODAY




കൊച്ചി ഐ.എം.എ ഹൗസിൽ കേരള സൊസൈറ്റി ഓഫ് ഒഫ്താൽമിക് സർജൻസ്, ചൈതന്യ കണ്ണാശുപത്രി, അനന്ത ഐ ബാങ്ക് എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ സംഘടിപ്പിച്ച പതിനാറാമത് കോർണിയ ആൻഡ് ഐ ബാങ്കിംഗ് ദേശീയ കോൺഫറൻസ് കേരള സൊസൈറ്റി ഓഫ് ഒഫ്താൽമിക് സർജൻസ് (കെ.എസ്.ഒ.എസ്) പ്രസിഡന്റ് ഡോ.രാജീവ് സുകുമാരൻ ഉദ്ഘാടനം ചെയ്യുന്നു. ഡോ.എലസബത്ത് കെ. ജോസഫ്,ഡോ. രാജേഷ് സിൻഹ,ഡോ. രാധാരമണൻ,പത്മശ്രീ ഡോ. ടോണി ഫെർണാണ്ടസ്, ഡോ. നമ്രത ശർമ,ഡോ. സുജാത ദാസ്, ഡോ.അനിറ്റ ജബ്ബാർ എന്നിവർ സമീപം.

# കേന്ദ്രീകൃത ദേശീയ കോർണിയൽ ബാങ്ക് അനിവാര്യം : ഇ.ബി.എ.ഐ കോൺഫറൻസ്

**കൊച്ചി:** ദേശീയ തലത്തിൽ കോർണിയ കാത്തിരിക്കുന്നവരുടെ എണ്ണം 13 ലക്ഷത്തിലും അധികമാണെന്നും, ഫലപ്രദമായ നേത്രചികിത്സ സമയബന്ധിതമായി നടത്താൻ കേന്ദ്രീകൃത ദേശീയ കോർണിയൽ ബാങ്ക് അനിവാര്യമാണെന്നും കേരള സൊസൈറ്റി ഓഫ് ഒഫ്താൽമിക് സർജൻസ് (കെ.എസ്.ഒ.എസ്) പ്രസിഡന്റ് ഡോ.രാജീവ് സുകുമാരൻ പറഞ്ഞു. നേത്രദാനത്തിന്റെ എണ്ണം ഇരട്ടിയാക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടുമെന്നും നേത്രദാനം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ദേശീയ തലത്തിൽ ഐ ബാങ്ക് അസോസിയേഷൻ ഓഫ് ഇന്ത്യ (ഇ.ബി.എ.ഐ) സംഘടിപ്പിക്കുന്ന പതിനാറാമത് കോർണിയ ആൻഡ് ഐ ബാങ്കിംഗ് ദേശീയ കോൺഫറൻസ് കൊച്ചി ഐ.എം.എ ഹൗസിൽ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. സംസ്ഥാനത്ത് ആശുപത്രി കേന്ദ്രീകൃത കോർണിയ ശേഖരണ പദ്ധതികൾക്ക് മുൻഗണന നൽകും. വീടുകളിൽ നിന്നുള്ള പരമ്പരാഗത നേത്രദാനങ്ങളിൽ അറുപത് മുതൽ എഴുപത് ശതമാനം വരെ സമയ നഷ്ടവും, ഗുണനിലവാരക്കുറവും മൂലം ശസ്ത്രക്രിയകൾക്ക് ഉപയോഗിക്കാനാകുന്നില്ല.
ആശുപത്രികളിൽ നിന്ന് നേരിട്ട് ശേഖരിക്കുന്നവയിൽ എഴുപത് മുതൽ എൺപത് ശതമാനവും ഉയർന്ന ഗുണനിലവാരമുള്ളതാണെന്നും അദ്ദേഹം വ്യക്തമാക്കി. മൾട്ടി സ്പെഷ്യാലിറ്റി ആശുപത്രികൾക്ക് റീജിയണൽ ഐ ബാങ്ക് പങ്കാളിത്തം നിർബന്ധമാക്കാൻ സർക്കാരിനെ സമീപിക്കുമെന്നും അദ്ദേഹം പറഞ്ഞു. യോഗത്തിൽ പത്മശ്രീ ഡോ.ടോണി ഫെർണാണ്ടസിന് ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ് നൽകി ആദരിച്ചു.

ഡോ. അനഹ, ചൈതന്യ കണ്ണാശുപത്രി അനന്ത ഐ ബാങ്ക് മേധാവി ഡോ.സ്വേദ സുകുമാരൻ, പത്മശ്രീ ഡോ. ടോണി ഫെർണാണ്ടസ്, അങ്കമാലി ലിറ്റിൽ ഫ്‌ളവർ ആശുപത്രി ഓഫ്താൽമോളജി മേധാവി ഡോ.എലസബത്ത് കെ. ജോസഫ്, ഇബിഎഐ ദേശീയ പ്രസിഡന്റ് ഡോ. നമ്രത ശർമ, ഇബിഎഐ വൈസ് പ്രസിഡന്റ് ഡോ. സുജാത ദാസ്, സെക്രട്ടറി ഡോ. രാജേഷ് സിൻഹ, ചാലക്കുടി ഐ വിഷൻ ഐ കെയർ സെന്റർ മെഡിക്കൽ ഡയറക്ടർ ഡോ. രാധാരമണൻ, ചീഫ് ഓർഗനൈസിംഗ് സെക്രട്ടറി ഡോ.അനിറ്റ ജബ്ബാർ തുടങ്ങിയവർ പ്രസംഗിച്ചു. കേരള സൊസൈറ്റി ഓഫ് ഒഫ്താൽമിക് സർജൻസ്, ചൈതന്യ ഐ ഹോസ്പിറ്റൽ ആൻഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, അനന്ത ഐ ബാങ്ക് എന്നിവയുടെ സംയുക്താഭിമുഖ്യത്തിലാണ് കോൺഫറൻസ് സംഘടിപ്പിച്ചത്.

# എച്ച്ഡിഎഫ്സി സ്‌കൈ സ്‌കാൽപ്പർ ടെർമിനൽ അവതരിപ്പിച്ചു

**കൊച്ചി:** എച്ച്ഡിഎഫ്സി സെക്യൂരിറ്റീസിന്റെ ഡിസ്‌കൗണ്ട് ബ്രോക്കിംഗ് ആപ്പായ എച്ച്ഡിഎഫ്സി സ്‌കൈ ഓപ്ഷൻസ് ട്രേഡർമാർക്കായി പ്രത്യേകം രൂപകൽപ്പന ചെയ്ത പുതിയ വർക്ക്‌സ്‌പേസ് സ്‌കാൽപ്പർ ടെർമിനൽ പുറത്തിറക്കി. മാർക്കറ്റിന്റെ മാറ്റങ്ങൾക്കനുസരിച്ച് അതിവേഗത്തിൽ തീരുമാനങ്ങളെടുക്കേണ്ട ആക്ടീവ് ട്രേഡർമാർക്ക് ഇത് വളരെയേറെ പ്രയോജനകരമാകും. കമ്പനിയുടെ പ്രീമിയം ബ്രോക്കിംഗ് പ്ലാറ്റ്‌ഫോമായ ഇൻവെസ്റ്റ്‌റൈറ്റിലും ഈ സംവിധാനം ലഭ്യമാക്കിയിട്ടുണ്ട്.

എച്ച്ഡിഎഫ്സി സ്‌കൈയിലെ പ്രൊഡക്ട് ടീം തന്നെയാണ് സ്‌കാൽപ്പർ മോഡ് വികസിപ്പിച്ചെടുത്തത്. ഇൻവെസ്റ്റ്‌റൈറ്റിൽ ഈ സംവിധാനമൊരുക്കാൻ സാങ്കേതിക പങ്കാളിയായ എൻഎക്‌സ്ടിഓപ്ഷന്റെ സഹായവും സ്വീകരിച്ചിട്ടുണ്ട്. ട്രേഡിംഗിനായി പത്തോളം ടാബുകൾ തുറക്കുന്നതിന് പകരം എല്ലാം ഒറ്റ സ്‌ക്രീനിൽ ലഭ്യമാക്കുക എന്നതാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.

ട്രേഡിംഗിനിടെ സ്‌ക്രീനുകൾ മാറ്റുന്നതിലെ കാലതാമസം ഒഴിവാക്കാൻ ലൈവ് ഡാറ്റ, വൺക്ലിക്ക് എക്‌സിക്യൂഷൻ, കസ്റ്റമൈസ് ചെയ്യാവുന്ന വർക്ക്‌സ്‌പേസ് എന്നിവയും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിൽ സ്‌പോട്ട്, കോൾ, പുട്ട് ചാർട്ടുകൾ ഒരുമിച്ച് കാണാൻ സാധിക്കും. സ്‌ട്രൈക്ക് അല്ലെങ്കിൽ എക്‌സ്പയറിയിൽ വരുത്തുന്ന മാറ്റങ്ങൾക്കനുസരിച്ച് ചാർട്ടുകൾ, ഗ്രീക്‌സ്, ഓപ്ഷൻ ചെയിൻ എന്നിവ തനിയെ അപ്‌ഡേറ്റ് ആകും. വില ടൈപ്പ് ചെയ്ത് നൽകുന്നതിന് പകരം സ്റ്റോപ്പ്‌ലോസ് അല്ലെങ്കിൽ ടാർഗെറ്റ് ചാർട്ടിൽ ഇടാനും സാധിക്കും. ഈ സമയത്ത് പ്രതീക്ഷിക്കുന്ന ലാഭനഷ്ട വിവരങ്ങളും ടിക്ക് ഡിസ്റ്റൻസും മറ്റും തൽസമയം അറിയാം. എക്‌സിറ്റ് ഐക്കണിൽ തൊടുമ്പോൾ തന്നെ പൊസിഷൻ ക്ലോസ് ചെയ്യപ്പെടുകയും ലിങ്ക് ചെയ്ത ഓർഡറുകൾ റദ്ദാക്കപ്പെടുകയും ചെയ്യും. ബ്രാക്കറ്റ് ഓർഡറുകളിൽ ട്രിഗറിനും ലിമിറ്റ് വിലയ്ക്കുമിടയിൽ സ്ഥിരമായി 0.15 ശതമാനം ബഫർ നൽകിയിരിക്കുന്നതിനാൽ പെട്ടെന്നുള്ള സ്‌പൈക്കുകളിൽ എക്‌സിറ്റ് നഷ്ടമാകില്ല. കൂടാതെ, സ്റ്റോപ്പ്‌ലോസും ടാർഗെറ്റും മുൻകൂട്ടി നിശ്ചയിച്ച് മാർക്കറ്റ് ഓർഡറുകൾ നൽകാൻ 1ടാപ്പ് മോഡും ലഭ്യമാണ്. ഓപ്ഷൻ ചെയിൻ, ഓപ്പൺ പൊസിഷനുകൾ, ഓർഡർ ട്രാക്കിംഗ്, മാർക്കറ്റ് അലർട്ടുകൾ, സ്‌കായ് എഐ അസിസ്റ്റന്റ് എന്നിവയെല്ലാം ഒരു സൈഡ് പാനലിൽ തന്നെ ഉൾപ്പെടുത്തിയിട്ടുണ്ട്. എച്ച്ഡിഎഫ്സി സ്‌കൈയിലും ഇൻവെസ്റ്റ്‌റൈറ്റിലും സ്‌കാൽപ്പർ ടെർമിനൽ ഇപ്പോൾ ലഭ്യമാണ്.

# ബിസ്മി കണക്റ്റ് വമ്പനോണം ബമ്പറോണം തുടരുന്നു

**കൊച്ചി:** വമ്പൻ ആനുകൂല്യങ്ങളുമായി പ്രമുഖ റീറ്റെയ്ൽ ശൃംഖലയായ ബിസ്മി കണക്റ്റ്. 'വമ്പനോണം ബമ്പറോണം വഴി 25 കോടി രൂപയുടെ സമ്മാനങ്ങളും ഡിസ്‌കൗണ്ടുകളുമായി ബിസ്മി കണക്റ്റിൽ വമ്പനോണം ബമ്പറോണം തുടരുന്നു.

1 കോടി രൂപയുടെ മെഗാ ബമ്പർ പ്രൈസും, നടത്തുന്ന ഓരോ പർച്ചേസിനും ഉറപ്പായ സമ്മാനങ്ങളും ബിസ്മി ഉറപ്പുനൽകുന്നു. ഒപ്പം ആഴ്ചതോറും 1 ലക്ഷം രൂപ വീതം നേടാനുള്ള അവസരവുമുണ്ട്.

ഹോം ആൻഡ് ഡിജിറ്റൽ അപ്ലയൻസസുകൾ ഉൾപ്പെടെ എല്ലാ ഉൽപ്പന്നങ്ങൾക്കും ആകർഷകമായ ഓഫറുകളാണ് ലഭ്യമാക്കിയിരിക്കുന്നത്. ഉൽപ്പന്നങ്ങൾക്ക് എക്‌സ്‌ചേഞ്ച് ഓഫറുകളും പ്രത്യേക എക്‌സ്‌ചേഞ്ച് ബോണസും സ്വന്തമാക്കാം. ഇതോടൊപ്പം 26,000 വരെ ഇൻസ്റ്റന്റ് ബാങ്ക് ക്യാഷ്ബാക്ക് ആനുകൂല്യങ്ങളും ലഭിക്കും.

32 ഇഞ്ച് ടീവി 6990 മുതലും , 65 ഇഞ്ച് സ്മാർട്ട് ടീവി 39990 മുതലും , സിംഗിൾ ഡോർ റെഫ്രിജറേറ്റർ 10990*, ഡബിൾ ഡോർ റെഫ്രിജറേറ്റർ 16990* , സൈഡ് ബൈ സൈഡ് റെഫ്രിജറേറ്റർ 39990* മുതലും ബിസ്മി കണ്ണെക്റ്റിൽ ലഭ്യമാണ് .

10990* മുതൽ ടോപ് ലോഡ് വാഷിംഗ് വാഷിനും , 25990* മുതൽ 7 കിലോ ഫ്രണ്ട് ലോഡ് വാഷിംഗ് മെഷീനും ഓണം ഓഫറിൽ ലഭ്യമാണ്

പർച്ചേസുകൾക്ക് 12 മാസത്തെ ചീ ഇീേ ഋങക വ്യവസ്ഥയും, പേപ്പർ ഫിനാൻസ് തിരഞ്ഞെടുക്കുന്ന ഉപഭോക്താക്കൾക്ക് 1 EMI സൗജന്യവുമാണ്. മുൻനിര ബ്രാൻഡുകളുടെ ഉൽപ്പന്നങ്ങൾ വൻ വിലക്കുറവിൽ സ്വന്തമാക്കാനുള്ള അവസരമുണ്ട്.

കേരളത്തിലുടനീളമുള്ള ബിസ്മി കണക്റ്റ് സ്റ്റോറുകളിൽ ഈ ഓഫറുകൾ പ്രയോജനപ്പെടുത്താം.



# കല്യാണി പ്രിയദർശന്റെ ചർമ്മ സംരക്ഷണ രഹസ്യം അവതരിപ്പിച്ച് പ്ലം

**കൊച്ചി:** പ്രമുഖ ബ്യൂട്ടി ആൻഡ് പേഴ്‌സണൽ കെയർ ബ്രാൻഡായ പ്ലം, ചലച്ചിത്ര താരം കല്യാണി പ്രിയദർശനുമായി സഹകരിച്ച് പുതിയൊരു സ്‌കിൻകെയർ കാമ്പെയ്ൻ അവതരിപ്പിച്ചു. ജിമ്മിലേക്ക് പോകുന്നതിന് മുൻപുള്ള തയ്യാറെടുപ്പുകളിൽ വ്യായാമത്തോടൊപ്പം ചർമ്മ സംരക്ഷണത്തിനും പ്രാധാന്യം നൽകുന്ന കല്യാണിയുടെ ദിനചര്യയാണ് ഈ പുതിയ വീഡിയോയിലൂടെ പുറത്തുവിട്ടിരിക്കുന്നത്. ഫിറ്റ്‌നസ് ദിനചര്യകളിൽ പലപ്പോഴും അവഗണിക്കപ്പെടാറുള്ള പ്രീജിം സ്‌കിൻകെയറിന്റെ പ്രാധാന്യമാണ് ഈ കാമ്പെയ്ൻ ഉയർത്തിക്കാട്ടുന്നത്.

ജിമ്മിൽ എത്തുന്നതിന് മുൻപ് പ്ലംസിന്റെ റൈസ് വാട്ടർ ആൻഡ് നിയാസിനാമൈഡ് ഉൽപ്പന്നങ്ങൾ ഉപയോഗിച്ചുള്ള ലളിതമായ മൂന്ന് ഘട്ടങ്ങളാണ് കല്യാണി പിന്തുടരുന്നത്. പ്ലംസ് റൈസ് വാട്ടർ ആൻഡ് നിയാസിനാമൈഡ് ഫേസ് വാഷ് ഉപയോഗിച്ച് മുഖം വൃത്തിയാക്കിയ ശേഷം, അതേ റേഞ്ചിലുള്ള മോയ്‌സ്ചറൈസറും ഒടുവിൽ സൺസ്‌ക്രീനും പുരട്ടി ചർമ്മത്തിന് തിളക്കവും സംരക്ഷണവും ഉറപ്പാക്കുന്നു. തുടർന്ന് വാഴപ്പഴവും എനർജി ഡ്രിങ്കും കഴിച്ചാണ് താരം വർക്ക്ഔട്ടിനായി തയ്യാറെടുക്കുന്നത്.

ചർമ്മത്തിന് ആവശ്യമായ ഈർപ്പവും സംരക്ഷണവും നൽകിക്കൊണ്ട് തിരക്കേറിയ പ്രഭാതങ്ങളിലും എളുപ്പത്തിൽ ചെയ്തുതീർക്കാൻ കഴിയുന്നതാണ് ഈ സ്‌കിൻകെയർ റൂട്ടീൻ. ഫിറ്റ്‌നസിനൊപ്പം ചർമ്മത്തിന്റെ ആരോഗ്യത്തിനും ഒരുപോലെ പ്രാധാന്യം നൽകുന്ന ഇന്നത്തെ യുവതലമുറയ്ക്ക് പ്രചോദനമാകുന്ന രീതിയിലാണ് ഈ കാമ്പെയ്ൻ രൂപകൽപ്പന ചെയ്തിരിക്കുന്നത്.

# ഓഗസ്റ്റിൽ മികച്ച വിൽപ്പനയുമായി ഹോണ്ട: 5.79 ലക്ഷം യൂണിറ്റുകൾ വിറ്റഴിച്ചു

**ഗുരുഗ്രാം:** ഹോണ്ട മോട്ടോർസൈക്കിൾ ആൻഡ് സ്കൂട്ടർ ഇന്ത്യ (എച്ച്എംഎസ്ഐ) 2026 ഓഗസ്റ്റിൽ 5.79 ലക്ഷത്തിലധികം യൂണിറ്റ് വാഹനങ്ങൾ വിറ്റഴിച്ച് 8 ശതമാനത്തിന്റെ വാർഷിക വളർച്ച രേഖപ്പെടുത്തി. കഴിഞ്ഞ വർഷം ഇതേ കാലയളവിൽ 5.34 ലക്ഷം യൂണിറ്റുകളായിരുന്നു വിറ്റഴിച്ചിരുന്നത്. 2026 ഓഗസ്റ്റിലെ ആഭ്യന്തര വിൽപ്പന 8% വർധിച്ച് 5.17 ലക്ഷം യൂണിറ്റിലെത്തി.

കയറ്റുമതി മേഖലയിൽ 15% വളർച്ചയോടെ 61,833 യൂണിറ്റുകൾ വിദേശത്തേക്ക് അയച്ചു. 2026 ഏപ്രിൽ മുതൽ ഓഗസ്റ്റ് വരെയുള്ള ഈ സാമ്പത്തിക വർഷത്തിലെ ഇതുവരെയുള്ള ആകെ വിൽപ്പന 27.33 ലക്ഷം യൂണിറ്റ് കടന്ന് 13% വളർച്ച രേഖപ്പെടുത്തിയിട്ടുണ്ട്.

രാജ്യത്തുടനീളമുള്ള 7,000ത്തിലധികം ടച്ച്പോയിന്റുകളിലൂടെ ഉപഭോക്തൃ ശൃംഖല ശക്തമാക്കി മുന്നേറുകയാണ് ഹോണ്ടയെന്ന് കമ്പനി വ്യക്തമാക്കി.

# കെഎസ്എഫ്ഇ വായ്പ, ചിട്ടി കുടിശികയിൽ 60 ശതമാനം വരെ പലിശയിളവ്

KSFE
(ഒരു കേരള സർക്കാർ സ്ഥാപനം)

**തിരുവനന്തപുരം:** വായ്പ, ചിട്ടി കുടിശിക വരുത്തിയ ഇടപാടുകാർക്കു പലിശയിലും പിഴപലിശയിലും 60 ശതമാനം വരെ ഇളവു നൽകിയുള്ള ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയുമായി കെഎസ്എഫ്ഇ. കുടിശിക നിവാരണം 2026 എന്ന പേരിലുള്ള ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി സെപ്റ്റംബർ ഏഴിന് ആരംഭിക്കും.

കുടിശികയുള്ള വായ്പകൾ ഒറ്റത്തവണ തീർപ്പാക്കാൻ അവസരം നൽകുന്ന പദ്ധതിയിലൂടെ യോഗ്യരായ ഗുണഭോക്താക്കൾക്കു പലിശയിലും പിഴപലിശയിലും പരമാവധി 60 ശതമാനം വരെ ഇളവ് ലഭിക്കുമെന്നാണ് കെഎസ്എഫ്ഇ സർക്കുലറിൽ പറയുന്നത്.

കുടിശികയിലായ വായ്പ തീർപ്പാക്കാൻ ബുദ്ധിമുട്ടുന്ന ഗുണഭോക്താക്കൾക്ക് സാന്പത്തിക ആശ്വാസം നൽകുക എന്ന ലക്ഷ്യത്തോടെയാണു മുഖ്യമന്ത്രിയുടെ നിർദേശപ്രകാരം പദ്ധതി നടപ്പാക്കുന്നത്. കുടിശിക വരുത്തിയ ഇടപാടുകാർക്ക് അവരുടെ ബാധ്യതകൾ പ്രത്യേക നിബന്ധന പ്രകാരം ഒറ്റത്തവണയായി തീർപ്പാക്കാൻ അവസരം ലഭിക്കും.

2020 ഏപ്രിൽ ഒന്നിനു മുൻപ് വായ്പ, ചിട്ടി കുടിശികയുള്ളവർക്കാണ് പലിശയിലും പിഴപലിശയിലും 60 ശതമാനം വീതം ഇളവു ലഭിക്കുക. 2020 ഏപ്രിൽ ഒന്നു മുതൽ 2022 മാർച്ച് 31 വരെ കുടിശിക വരുത്തിയവർക്ക് 50 ശതമാനം വരെ ഇളവ് ലഭിക്കും.

2022 ഏപ്രിൽ ഒന്നു മുതൽ 24 മാർച്ച് 31 വരെ കുടിശികയായ അക്കൗണ്ടുകാർക്ക് 40 ശതമാനവും അതിനു മുകളിൽ 2025 മാർച്ച് 31 വരെ 30 ശതമാനവുമാണ് ഇളവ് അനുവദിക്കുക. മുൻ സർക്കാരിന്റെ കാലത്ത് വായ്പ കുടിശിക പദ്ധതി നടപ്പാക്കിയെങ്കിലും പലിശയിൽ വലിയ ഇളവു വേണമെന്നായിരുന്നു ഇടപാടുകാരുടെ ആവശ്യം. ഇത് അംഗീകരിച്ചാണ് പദ്ധതി നടപ്പാക്കുന്നത്.

റിക്കവറി നടപടിയിലുള്ളവർക്കും പദ്ധതിവഴി ആശ്വാസം ലഭിക്കും. വായ്പാ തിരിച്ചടവു മുടങ്ങിയതിനെ തുടർന്ന് റിക്കവറി നടപടികൾക്കു വിധേയമായ കുടിശികക്കാർക്കും പദ്ധതിയുടെ ആനുകൂല്യം ലഭിക്കുമെന്നും സർക്കുലറിൽ പറയുന്നു. ഇത് നിരവധി വായ്പക്കാരെ സഹായിക്കുന്ന നിർണായക നടപടിയായാണ് വിലയിരുത്തപ്പെടുന്നത്.

കെഎസ്എഫ്ഇയുടെ വിവിധ ശാഖകളിലൂടെ പദ്ധതിയുടെ വിശദാംശങ്ങളും യോഗ്യതാ മാനദണ്ഡങ്ങളും അറിയാനാകും.




# വണ്ടർലാ കൊച്ചിയിൽ ഓഫ്കാമ്പസ് ലീഗ്: 13 ലക്ഷം രൂപയുടെ സമ്മാനങ്ങളും ചലഞ്ചുകളും

**കൊച്ചി:** കോളേജ് വിദ്യാർത്ഥികൾക്കായി സീസൺ മുഴുവൻ നീളുന്ന 'വണ്ടർലാ ഓഫ്കാമ്പസ് ലീഗ്' (ഡബ്ല്യുഒസിഎൽ) കൊച്ചി വണ്ടർലായിൽ ആരംഭിച്ചു. 2026 ഓഗസ്റ്റ് 5 മുതൽ സെപ്റ്റംബർ 11 വരെ നടക്കുന്ന മത്സരങ്ങളിൽ കൊച്ചിയിലെ കോളേജുകൾ മാറ്റുരയ്ക്കും. റൈഡ് അധിഷ്ഠിതവും നൈപുണ്യാധിഷ്ഠിതവുമായ മത്സരങ്ങളിലൂടെയും പാർക്ക് സന്ദർശനങ്ങളിലൂടെയും വിദ്യാർത്ഥികൾക്ക് പോയിന്റുകൾ നേടാം. സീസൺ അവസാനിക്കുമ്പോൾ ഏറ്റവും കൂടുതൽ പോയിന്റ് നേടുന്ന കോളേജിനെ ചാമ്പ്യന്മാരായി പ്രഖ്യാപിക്കും. വിജയികൾക്കായി ആകെ 13 ലക്ഷം രൂപയുടെ സമ്മാനങ്ങളാണ് ഒരുക്കിയിരിക്കുന്നത്.

അഞ്ച് ആഴ്ചകളിലായി നടക്കുന്ന ലീഗിൽ വേവ് സർഫർ, ഡെയർ ഡെവിൾ, ബോട്ട് റേസ്, സ്ക്രീം മീറ്റർ തുടങ്ങിയ പ്രധാന മത്സരങ്ങളും വ്യാഴാഴ്ചകളിൽ ട്രഷർ ഹന്റും ഉൾപ്പെടുത്തിയിട്ടുണ്ട്. കോളേജ് ഐഡി കാർഡ് ഹാജരാക്കുന്ന വിദ്യാർത്ഥികൾക്ക് ടിക്കറ്റ് നിരക്കിൽ 30 ശതമാനം ഇളവ് ലഭിക്കും. മത്സരങ്ങളിൽ പങ്കെടുക്കാൻ പ്രത്യേക എൻട്രി ഫീസില്ല. സോളോ, ഗ്രൂപ്പ് ഇനങ്ങളിലായി പാർക്കിൽ വച്ച് തന്നെ രജിസ്റ്റർ ചെയ്യാം.

കൂടാതെ വിദ്യാർത്ഥികൾക്കായി കോളേജ് ക്രിയേറ്റർ ചലഞ്ചും സംഘടിപ്പിക്കുന്നുണ്ട്. വണ്ടർലാ അനുഭവങ്ങൾ റീലുകളാക്കി പങ്കുവെക്കുന്നവരിൽ നിന്ന് തിരഞ്ഞെടുക്കപ്പെടുന്ന മികച്ച ക്രിയേറ്റർക്ക് ഐഫോൺ 17 പ്രോ മാക്സും ആഴ്ചതോറും ഹെഡ്ഫോണുകളും സമ്മാനമായി ലഭിക്കും. പാർക്കിലെ ഷെഡ്യൂളുകൾ പരിശോധിക്കാനും മത്സരങ്ങളുടെ തത്സമയ പോയിന്റ് നില അറിയാനും offcampus.wonderla.com എന്ന വണ്ടർലായുടെ വെബ്സൈറ്റ് സന്ദർശിക്കാവുന്നതാണെന്നും വണ്ടർലാ ഹോളിഡേയ്സ് ലിമിറ്റഡ് ചീഫ് ഓപ്പറേറ്റിങ് ഓഫീസറായ ധീരൻ ചൗധരി പറഞ്ഞു.

# ഇന്ത്യയിൽ 50 ഇബൈക്ക് സ്റ്റോറുകൾ തുറക്കാൻ ഇബൈക്ക്ഗോ

**ന്യൂദൽഹി:** ഇബിജി ഗ്രൂപ്പിന്റെ ഇബൈക്ക്ഗോ അടുത്ത 12 മാസത്തിനുള്ളിൽ രാജ്യത്തുടനീളം 50 സംയോജിത സൈക്കിൾ ഇലക്ട്രിക് സൈക്കിൾ സ്റ്റോറുകൾ ആരംഭിക്കും. കോയമ്പത്തൂർ, ഹൈദരാബാദ്, ബെംഗളൂരു എന്നിവിടങ്ങളിലായിരിക്കും ആദ്യഘട്ട പരീക്ഷണ സ്റ്റോറുകൾ. പദ്ധതിക്കായി 35 കോടി രൂപയിലധികം നിക്ഷേപിക്കുമെന്നും 300ലധികം നേരിട്ടുള്ള തൊഴിലുകളും 500–700 പരോക്ഷ തൊഴിൽ അവസരങ്ങളും സൃഷ്ടിക്കുമെന്നും കമ്പനി അറിയിച്ചു.

സൈക്കിൾ, ഇലക്ട്രിക് സൈക്കിൾ വിൽപ്പന, വാടക, അറ്റകുറ്റപ്പണി, സ്പെയർ പാർട്സ്, വാണിജ്യ ആവശ്യങ്ങൾക്കുള്ള വാഹന സേവനങ്ങൾ എന്നിവ ഒരിടത്ത് ലഭ്യമാക്കുന്ന രീതിയിലായിരിക്കും സ്റ്റോറുകൾ. നഗരങ്ങളിലെ ഹ്രസ്വദൂര യാത്ര, വിദ്യാർഥികളുടെ യാത്ര, അവസാനഘട്ട ഗതാഗതം, ഗിഗ് തൊഴിലുകൾ എന്നിവ ലക്ഷ്യമിട്ടാണ് പദ്ധതി.




250 വാട്ട് ശേഷിയുള്ള ഇലക്ട്രിക് സൈക്കിളുകളാണ് പ്രധാന ഉൽപ്പന്നങ്ങൾ. മോഡലനുസരിച്ച് 35,55 കിലോമീറ്റർ വരെ സഞ്ചാരപരിധിയും മണിക്കൂറിൽ 25 കിലോമീറ്റർ വരെ സഹായക വേഗവും ലഭിക്കും.

# എട്ട് ആർമി സ്റ്റേഷനുകളിൽ പ്രകൃതിവാതക വിതരണത്തിനൊരുങ്ങി ബിപിസിഎൽ ഉൾപ്പെടെയുള്ള സിജിഡി സ്ഥാപനങ്ങൾ

**കൊച്ചി:** ഇന്ത്യൻ ആർമി സ്റ്റേഷനുകളിൽ പൈപ്പ്ലൈൻ മാർഗം പ്രകൃതിവാതകം ലഭ്യമാക്കുന്ന പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി, ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ് ഇന്ത്യൻ ആർമി പിഎൻജി ട്രാൻസിഷൻ വെബിനാർ 2026' സംഘടിപ്പിച്ചു. ഇന്ത്യൻ ആർമിയുടെയും പെട്രോളിയം ആൻഡ് നാച്ചുറൽ ഗ്യാസ് റഗുലേറ്ററി ബോർഡിന്റെയും സഹകരണത്തോടെ നടത്തിയ വെബിനാറിൽ ആറ് പ്രമുഖ സിറ്റി ഗ്യാസ് ഡിസ്ട്രിബ്യൂഷൻ സ്ഥാപനങ്ങളുടെ പ്രതിനിധികൾ പങ്കെടുത്തു. പദ്ധതിയുടെ ആദ്യഘട്ടത്തിൽ സേനയുടെ 41 കേന്ദ്രങ്ങളിൽ പൈപ്പ്ലൈൻ വഴി പ്രകൃതിവാതകം എത്തിക്കും. ഇതുവഴി ഇരുപതിനായിരത്തിലധികം കുടുംബങ്ങൾക്ക് പ്രയോജനം ലഭിക്കും. ആദ്യഘട്ടം 202627 സാമ്പത്തിക വർഷത്തിൽ പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നത്. എട്ട് ആർമി സ്റ്റേഷനുകളും ആറ് സിജിഡി സ്ഥാപനങ്ങളും തമ്മിൽ ധാരണാപത്രത്തിൽ ഒപ്പുവെച്ചു. ബിപിസിഎൽ, ഇന്ദ്രപ്രസ്ഥ ഗ്യാസ് ലിമിറ്റഡ്, തിങ്ക് ഗ്യാസ്, ടോറന്റ് ഗ്യാസ്, ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ്, സെൻട്രൽ യുപി ഗ്യാസ് ലിമിറ്റഡ് എന്നിവയാണ് പദ്ധതിയിൽ പങ്കാളികളായ സിജിഡി സ്ഥാപനങ്ങൾ. സൈനിക കേന്ദ്രങ്ങൾ പിഎൻജിയിലേക്ക് മാറുന്നതിനുള്ള മാർഗനിർദ്ദേശങ്ങൾ അടങ്ങിയ പിഎൻജി ഹാൻഡ്ബുക്കും ചടങ്ങിൽ പുറത്തിറക്കി. കരസേന, പിഎൻജിആർബി, സിജിഡി സ്ഥാപനങ്ങൾ എന്നിവയുടെ ഏകോപിത പ്രവർത്തനമാണ് വെബിനാറിലൂടെ ലക്ഷ്യമിടുന്നതെന്നും പദ്ധതി നടപ്പാക്കുന്നതിന് കരസേനയ്ക്ക് ആവശ്യമായ പിന്തുണ നൽകുമെന്നും ബിപിസിഎൽ ഗ്യാസ് വിഭാഗം ബിസിനസ് ഹെഡ് രാഹുൽ ടണ്ഡൻ പറഞ്ഞു.




# സോണി ആർഎക്സ് 10 വി സൂപ്പർ സൂം ക്യാമറ അവതരിപ്പിച്ചു

**കൊച്ചി:** സോണി ഇന്ത്യയുടെ ജനപ്രിയ ആർഎക്സ് 10 പരമ്പരയിലെ അഞ്ചാം തലമുറ ഓൾഇൻവൺ സൂപ്പർ സൂം ക്യാമറയായ 'ആർഎക്സ് 10 വി' ഇന്ത്യയിൽ അവതരിപ്പിച്ചു. വൈൽഡ് ലൈഫ്, സ്പോർട്സ്, ട്രാവൽ, ദൈനംദിന ഫോട്ടോഗ്രാഫി എന്നിവയ്ക്ക് ഒരുപോലെ ഉപയോഗിക്കാവുന്ന തരത്തിൽ മികച്ച സൂം ശേഷിയും കൃത്യതയുള്ള എഐ ഓട്ടോഫോക്കസ് ഫീച്ചറുകളും ഉൾപ്പെടുത്തിയാണ് ഈ മോഡൽ നിർമ്മിച്ചിരിക്കുന്നത്.

എഫ് 2.44.0 അപ്പർച്ചറുള്ള സെയ്സ് വേരിയോസോനാർ ടി 24600എംഎം (25 മടങ്ങ് ഒപ്റ്റിക്കൽ സൂം) ലെൻസാണ് ക്യാമറയിലുള്ളത്. 24എംഎം ലെൻസിൽ 3 സെന്റീമീറ്റർ അടുത്തുനിന്നും 600എംഎം ലെൻസിൽ 72 സെന്റീമീറ്റർ അടുത്തുനിന്നും മാക്രോ ഷോട്ടുകൾ എടുക്കാൻ സാധിക്കും.

20.1 മെഗാപിക്സൽ 1.0ടൈപ്പ് സ്റ്റാക്ക്ഡ് എക്സ്മോർ ആർഎസ് സിഎംഒഎസ് സെൻസറും ബയോൺസ് എക്സ്ആർ ഇമേജ് പ്രൊസസിംഗ് എഞ്ചിനും ഏത് വെളിച്ചത്തിലും മികച്ച ചിത്രങ്ങൾ ഉറപ്പുനൽകുന്നു.

എഐ പ്രൊസസിംഗ് യൂണിറ്റ് ഉപയോഗിച്ച് മനുഷ്യർ, മൃഗങ്ങൾ, പക്ഷികൾ, പ്രാണികൾ, വാഹനങ്ങൾ കാറുകൾ, ട്രെയിനുകൾ, വിമാനങ്ങൾ എന്നിവയെ കൃത്യമായി തിരിച്ചറിയാനും ട്രാക്ക് ചെയ്യാനും സാധിക്കും. വ്യക്തികൾ തിരിഞ്ഞു നിൽക്കുമ്പോഴും മുഖം മറഞ്ഞിരിക്കുമ്പോഴും ഫോക്കസ് നിലനിർത്താൻ ഇതിന് കഴിയും.

സെക്കൻഡിൽ 60 തവണ എഎഫ്/എഇ കണക്കുകൂട്ടലുകൾ നടത്തി ബ്ലാക്ക്ഔട്ട് ഇല്ലാതെ സെക്കൻഡിൽ 30 ഫ്രെയിമുകൾ വരെ വേഗതയിൽ തുടർച്ചയായി ചിത്രങ്ങൾ പകർത്താനും സാധിക്കും.

4കെ 120പി വീഡിയോ റെക്കോർഡിംഗ്, 5 മടങ്ങ് സ്ലോമോഷൻ, ആക്ടീവ് മോഡ് ഇമേജ് സ്റ്റെബിലൈസേഷൻ, മൾട്ടി ഇന്റർഫേസ് ഷൂ ഡിജിറ്റൽ ഓഡിയോ സപ്പോർട്ട്, എസ്സിനിടോൺ, എസ്ലോഗ്3, 16 ലട്ടുകൾ വരെ ഇമ്പോർട്ട് ചെയ്യാനുള്ള സൗകര്യം എന്നിവയും സജ്ജീകരിച്ചിട്ടുണ്ട്.

3.68 മില്യൺ ഡോട്ട്സ് ഉള്ള 0.5ടൈപ്പ് ക്വാഡ്വിജിഎ ഒഎൽഇഡി വ്യൂഫൈൻഡറും (0.78 മടങ്ങ് മാഗ്നിഫിക്കേഷൻ) 1.62 മില്യൺ ഡോട്ട്സ് ഉള്ള 3.0ടൈപ്പ് എൽസിഡി മോണിറ്ററും ഇതിലുണ്ട്.

എൻപിഎഫ്സെഡ്100 റീചാർജ് ചെയ്യാവുന്ന ബാറ്ററി വഴി ഒറ്റ ചാർജിൽ 630 ഷോട്ടുകൾ വരെ എടുക്കാം . മുൻ മോഡലിനേക്കാൾ 50 ശതമാനത്തിലധികം കൂടുതൽ ബാറ്ററി ലൈഫ് നൽകുന്നു.

സോണി ആൽഫ സീരീസ് മോഡലുകൾക്ക് സമാനമായ ഹാൻഡ് ഗ്രിപ്പും ബട്ടൺ ലേഔട്ടും, പൊടിയും ഈർപ്പവും പ്രതിരോധിക്കുന്ന ബോഡി ഡിസൈൻ, 2.4/5 ജിഗാഹെർട്സ് വൈഫൈ, 4കെ 30പി ലൈവ് സ്ട്രീമിംഗ് സപ്പോർട്ട് ടൈപ്പ്സി പോർട്ട്, സോണി ക്രിയേറ്റേഴ്സ് ആപ്പ് പിന്തുണയും നൽകുന്നു.

245,645 രൂപയാണ് വില. സെപ്റ്റംബർ 2 മുതൽ സോണിയുടെ എല്ലാ അംഗീകൃത റീട്ടെയിൽ ഔട്ട്ലെറ്റുകൾ, സോണി ക്യാമറ ലൗഞ്ച്, ആൽഫ ഫ്ളാഗ്ഷിപ്പ് സ്റ്റോറുകൾ, സോണി സെന്ററുകൾ, പ്രമുഖ ഇലക്ട്രോണിക് സ്റ്റോറുകൾ എന്നിവയ്ക്ക് പുറമെ ഷോപ്പറ്റ്എസ്സി.കോം എന്ന പോർട്ടൽ വഴിയും ആമസോൺ, ഫ്ളിപ്കാർട്ട് തുടങ്ങിയ ഇകൊമേഴ്സ് വെബ്സൈറ്റുകൾ വഴിയും ലഭ്യമായിട്ടുണ്ട്.

# ജെഎസ്ഡബ്ല്യു എംജി, റോയൽ എൻഫീൽഡ്, ടാറ്റ മോട്ടോഴ്സ് മുന്നിൽ

**ന്യൂദൽഹി:** ഫെഡറേഷൻ ഓഫ് ഓട്ടോമൊബൈൽ ഡീലേഴ്സ് അസോസിയേഷൻസ് (ഫാഡ) പ്രസിദ്ധീകരിച്ച 2026ലെ ഡീലർ സംതൃപ്തി പഠനത്തിൽ വാഹന ഡീലർമാരുടെ മൊത്തം സംതൃപ്തി സൂചിക 29 പോയിന്റ് ഉയർന്ന് 810 ആയി. നാലു ചക്ര വാഹന വിഭാഗത്തിൽ ജെഎസ്ഡബ്ല്യു എംജി മോട്ടോർ 865 പോയിന്റുമായി ഒന്നാമതെത്തി. ഇരുചക്ര വാഹന വിഭാഗത്തിൽ 878 പോയിന്റുമായി റോയൽ എൻഫീൽഡും വാണിജ്യ വാഹന വിഭാഗത്തിൽ 800 പോയിന്റുമായി ടാറ്റ മോട്ടോഴ്സ് സിവിയും ഒന്നാം സ്ഥാനം നേടി.

പ്രീമൺഏഷ്യയുമായി സഹകരിച്ചാണ് പഠനം നടത്തിയത്. ജൂലൈ-ഓഗസ്റ്റ് മാസങ്ങളിൽ രാജ്യവ്യാപകമായി 2,045 ഡീലർമാരിൽ നിന്ന് വിവരങ്ങൾ ശേഖരിച്ചു.

വൈദ്യുത ഇരുചക്ര വാഹനങ്ങളിൽ ഏഥർ എനർജിയും വൈദ്യുത കാറുകളിൽ വിൻഫാസ്റ്റ് ഓട്ടോയും മുന്നിലെത്തി. ആഡംബര കാറുകളിൽ ബിഎംഡബ്ല്യുവും ട്രാക്ടർ വിഭാഗത്തിൽ മഹീന്ദ്ര ആൻഡ് മഹീന്ദ്രയുടെ സ്വരാജ് വിഭാഗവും ഒന്നാമതായി.

ഉൽപ്പന്ന നിലവാരവും വിശ്വാസ്യതയും ഡീലർമാരുടെ പ്രധാന ശക്തികളായി തുടരുമ്പോഴും ലാഭവിഹിതം, വിറ്റഴിക്കാത്ത വാഹനങ്ങളുടെ കൈകാര്യം, സ്പെയർ പാർട്സ് ലഭ്യത, പരിശീലനച്ചെലവ് പങ്കിടൽ, വിൽപ്പനാനന്തര സേവനം, നയങ്ങളിലെ വ്യക്തത എന്നിവ പ്രധാന ആശങ്കകളായി തുടരുന്നതായി പഠനം ചൂണ്ടിക്കാട്ടുന്നു.




# ലെക്സസ് ഇഎസ് 350എച്ച് അവതരിപ്പിച്ചു

**കൊച്ചി:** ലെക്സസ് ഇന്ത്യ പുതിയ ഇഎസ് 350എച്ച് ഹൈബ്രിഡ് സെഡാൻ അവതരിപ്പിച്ചു. ഇന്ത്യയിൽ നിർമിക്കുന്ന വാഹനത്തിന് എക്സ്ക്വിസിറ്റ്, ലക്സറി എന്നീ രണ്ട് വകഭേദങ്ങളാണുള്ളത്. യഥാക്രമം 66.10 ലക്ഷം രൂപയും 71.80 ലക്ഷം രൂപയുമാണ് എക്സ്ഷോറൂം വില. 2.5 ലിറ്റർ നാല് സിലിണ്ടർ എൻജിനും പുതിയ ഹൈബ്രിഡ് സംവിധാനവും വാഹനത്തിലുണ്ട്. ലിഥിയം അയൺ ബാറ്ററിയും ഇലക്ട്രിക് മോട്ടോറും ഉൾപ്പെടുന്ന സംവിധാനം 25.22 കിലോമീറ്റർ ഇന്ധനക്ഷമത നൽകുമെന്ന് കമ്പനി അറിയിച്ചു. 14 ഇഞ്ച് സ്പർശന നിയന്ത്രിത തിരശ്ശീല, പുതിയ സുരക്ഷാ സംവിധാനങ്ങൾ, വിശാലമായ അകത്തളം എന്നിവ പ്രധാന സവിശേഷതകളാണ്. മെച്ചപ്പെടുത്തിയ യാത്രാസുഖവും ശാന്തമായ സഞ്ചാരവും ഉറപ്പാക്കുന്നതാണ് പുതിയ ഇഎസ് 350എച്ച്.

# അണക്കെട്ട് നിയന്ത്രണത്തിനായി എഐ സാങ്കേതികവിദ്യയുമായി തൃശൂർ സ്വദേശിയായ 17 കാരൻ

**കൊച്ചി:** ചാലക്കുടിയിലെ 2018ലെ പ്രളയക്കാഴ്ചകളിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട്, അണക്കെട്ട് നിയന്ത്രണത്തിനായി എഐ സാങ്കേതികവിദ്യ വികസിപ്പിച്ചിരിക്കുകയാണ് തൃശൂർ സ്വദേശിയായ 17 കാരൻ നവൈൻ ഷിബു. പ്രയാസകരമായ സാഹചര്യങ്ങളിലും കൃത്യമായ ജലനിരപ്പ് വിശകലനത്തിലൂടെ വെള്ളം മുൻകൂട്ടി തുറന്നുവിടാനും അനാവശ്യ ജലവിടൽ ഒഴിവാക്കാനും സഹായിക്കുന്ന വിഎച്ച്എഫ് (ഢഒഎ) റേഡിയോ ആശയവിനിമയ സംവിധാനത്തോടുകൂടിയ എഐ ക അധിഷ്ഠിത എഡ്ജ് നെറ്റ്വർക്കാണ് അദ്ദേഹം രൂപകൽപ്പന ചെയ്തിരിക്കുന്നത്. ഈ നവീകരണം രാജ്യത്തെ പ്രമുഖ സിഎസ്ആർ പ്ലാറ്റ്ഫോമായ സാംസങ് സോൾവ് ഫോർ റ്റുമോറോയുടെ ടോപ് 40 സ്ഥാനാർത്ഥികളിൽ നവൈന് ഇടം നേടിക്കൊടുത്തു. ജലസേചന സുരക്ഷ മെച്ചപ്പെടുത്തുന്നതിനും ജലവൈദ്യുതി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും പ്രളയം മൂലമുള്ള സാമ്പത്തിക നഷ്ടങ്ങൾ കുറയ്ക്കുന്നതിനും ഈ സാങ്കേതികവിദ്യ വലിയതോതിൽ സഹായകരമാകും.

നാടൻ പട്ടണങ്ങളിൽ നിന്നുയരുന്ന പ്രാദേശിക അനുഭവങ്ങളും ചോദ്യങ്ങളും വലിയ പ്രതിസന്ധികൾക്ക് പോലും പരിഹാരം കാണാൻ സാധിക്കുമെന്ന് നവൈന്റെ ഈ വിജയം തെളിയിക്കുന്നു. ലബോറട്ടറികളിൽ മാത്രമല്ല, ഒരു ഓർമ്മയിൽ നിന്നും വീണ്ടും വീണ്ടും ശ്രമിക്കാനുള്ള ദൃഢനിശ്ചയത്തിൽ നിന്നുമാണ് യഥാർത്ഥ നവീകരണങ്ങൾ പിറവിയെടുക്കുന്നത് എന്ന് ഈ യുവപ്രതിഭ ഓർമ്മിപ്പിക്കുന്നു.

# 350 കോടി രൂപയ്ക്ക് ആസ്റ്റർ ഡിഎം ക്വാളിറ്റി കെയറിലെ അധിക ഓഹരികൾ സ്വന്തമാക്കി ഡോ. മൂപ്പൻ കുടുംബം

**കൊച്ചി:** ഡോ. ആസാദ് മൂപ്പനും കുടുംബത്തിനും കീഴിലുള്ള യൂണിയൻ (മൗറീഷ്യസ്) ഹോൾഡിംഗ്സ് ലിമിറ്റഡ്, ആസ്റ്റർ ഡിഎം ക്വാളിറ്റി കെയർ ലിമിറ്റഡിന്റെ 46.09 ലക്ഷം ഈക്വിറ്റി ഓഹരികൾ ടിപിജിയുടെ സെന്റല്ല മൗറീഷ്യസ് ഹോൾഡിംഗ്സ് ലിമിറ്റഡിൽ നിന്നും സ്വന്തമാക്കി. കമ്പനിയുടെ പെയ്ഡ്അപ്പ് ഈക്വിറ്റി ഷെയർ ക്യാപിറ്റലിന്റെ ഏകദേശം 0.57% വരുമിത്. ഇതോടെ, ആസ്റ്റർ ഡിഎം ക്വാളിറ്റി കെയർ ലിമിറ്റഡിൽ മൂപ്പൻ കുടുംബത്തിന്റെ ആകെ ഓഹരി പങ്കാളിത്തം 24.58% ആയി ഉയർന്നു. 2026 സെപ്റ്റംബർ 2ന് നടന്ന ഇടപാടിൽ, ഓഹരിയൊന്നിന് ?760 നിരക്കിൽ ഏകദേശം 350.34 കോടിയുടെ ആകെ തുകയ്ക്കാണ് ഓഹരികൾ വാങ്ങിയത്. ഈ ഏറ്റെടുക്കൽ ഡോ. മൂപ്പന്റെ നേതൃത്വത്തിലുള്ള ആസ്റ്റർ ഡിഎം ക്വാളിറ്റി കെയറിൽ കുടുംബത്തിന്റെ ഉടമസ്ഥാവകാശം കൂടുതൽ ശക്തിപ്പെടുത്തുകയും, കമ്പനിയുടെ ദീർഘകാല വളർച്ചയോടുള്ള മൂപ്പൻ കുടുംബത്തിന്റെ പ്രതിബദ്ധത അടിവരയിടുകയും ചെയ്യുന്നു. സംയുക്ത ഹെൽത്ത്കെയർ പ്ലാറ്റ്ഫോമായ ആസ്റ്റർ ഡിഎം ക്വാളിറ്റി കെയർ ലിമിറ്റഡിന്റെ ശേഷിയിലും, ഷെയർഹോൾഡർമാർക്ക് ദീർഘകാല മൂല്യം നൽകാനുള്ള കഴിവിലുള്ള വിശ്വാസത്തെയും ഇത് പ്രതിഫലിപ്പിക്കുന്നു.

RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com